**21.11.2018–ന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത LIFE മിഷൻ അവലോകനയോഗ തീരുമാനങ്ങൾ**

- അയ്യായിരത്തി എണ്ണൂറോളം അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണത്തിന് പ്രത്യേക ഇടപെടൽ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള ശ്രദ്ധയും നേതൃത്വവും ആവശ്യമാണ്. പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിൽ അത് സ്വന്തമായി നോക്കിനടത്താനാകാത്ത ദുർബ്ബല വിഭാഗങ്ങൾക്ക കൈത്താങ്ങേകാനും, ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസ മുൻഗണനാക്രമം നീതിയുക്തമായി നിശ്ചയിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പ്രവർത്തന പരിപാടിയും ഇടപെടലും സാമൂഹിക വിലയിരുത്തലും ആവശ്യമാണ്. താഴെപ്പറയുന്ന നടപടികളാണ് സ്വീകരിക്കേണ്ടത്–

  → പൂർത്തീകരിക്കപ്പെടാനുള്ള ഭവനങ്ങളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള പട്ടിക അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും വിവിധ വകുപ്പു തിരിച്ചുള്ള പട്ടിക അതതു വകുപ്പു സെക്രട്ടറിമാർക്കും 2018 ഡിസംബർ 15നു മുമ്പ് കൈമാറണം (ചുമതല– LIFE മിഷൻ സംസ്ഥാന സെൽ, ജില്ലാ മിഷൻ കോഓർഡിനേറ്റർമാർ)

  → പട്ടികയുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി പൂർത്തിയാക്കാനാകാത്ത വീടുകളുടെ പട്ടികയും പൂർത്തിയാക്കാവുന്ന വീടുകളുടെ പൂർത്തീകരണ സമയക്രമവും തയ്യാറാക്കി 2018 ഡിസംബർ 25നു മുമ്പായി ജില്ലാ കളക്ടർമാർ വിളിച്ചുചേർക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷരുടെ യോഗത്തിൽ അവതരിപ്പിക്കപ്പെടണം.

  → LIFE ജില്ലാ മിഷൻ കോഓർഡിനേറ്റർമാരാണ് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സമയക്ലിപ്തത ഉറപ്പാക്കുകയും ചെയ്യേണ്ടത്.

  → LIFE മിഷന്റെ ഒന്നാം ഘട്ട പ്രവർത്തനമായ അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണം 2018 ഡിസംബർ 31 ന് അപ്പുറം നീളരുത്. തുടരേണ്ടതില്ല.

- LIFE മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണത്തിന് ആവശ്യമായ സംസ്ഥാന ഫണ്ടു വിഹിതം LIFE മിഷനു ലഭ്യമാക്കുന്നതിന്, ധനസഹായത്തിന് അർഹത നേടിയ ഗുണഭോക്താക്കളുടെ പട്ടിക (കാറ്റഗറി തിരിച്ച്)യും കൈമാറി നൽകേണ്ട ഫണ്ടുവിവരവും അറിയിക്കുന്ന കത്ത് അതതു വകുപ്പുകൾക്കു നൽകേണ്ടതാണ്.

- പ്രത്യേക വകുപ്പുകൾക്കു കീഴിലൊന്നും വരാതെയുള്ള ജനറൽ കാറ്റഗറി ഗുണഭോക്താക്കൾക്കുള്ള സംസ്ഥാന ഫണ്ടു വിഹിതം ലഭ്യമാക്കുന്നതിന് PMAY

പദ്ധതിക്കായി സംസ്ഥാനം വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൽ, പ്രസ്തുത പദ്ധതിക്ക് ഇക്കൊല്ലം ആവശ്യമില്ലാത്ത ഭാഗം reappropriate ചെയ്ത് LIFE മിഷനു ലഭ്യമാക്കുന്നതിനുള്ള proposal ധനവകുപ്പിന് സമർപ്പിക്കേണ്ടതാണ്.

- CRZ, തണ്ണീർതട നിയമങ്ങളനുസരിച്ചുള്ള ക്ലിയറൻസുകൾ ലഭിക്കാത്തതു മൂലം ഭവന നിർമ്മാണ പെർമിറ്റ് ലഭ്യമാക്കാനാകാത്ത LIFE ഗുണഭോക്താക്കൾക്കായി, ജനുവരി ആദ്യവാരത്തിലായി ജില്ലാതലത്തിൽ കളക്ടറൻമാരുടെ നേതൃത്വത്തിൽ അദാലത്തു നടത്തി ക്ലിയറൻസുകൾ ലഭ്യമാക്കാവുന്നതാണ്. ഇതിനുള്ള വിശദമായ നിർദ്ദേശം ജില്ലാ കളക്ടർമാർക്കു നൽകണം. ഇക്കാര്യത്തിൽ താഴെ പറയുന്ന നടപടികൾ LIFE മിഷൻ സ്വീകരിക്കണം-

  → CRZ നിയമം ബാധകമാകുന്ന പ്രദേശങ്ങളിൽ No development zone-ലും development zone-ലും വരുന്ന വീട്ടുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രത്യേകമായി പട്ടികപ്പെടുത്തി, 2018 ഡിസംബർ 15നു മുമ്പായി LIFE ജില്ലാ മിഷൻ കോഓർഡിനേറ്റർമാർക്ക് കൈമാറണം. ഇതും 2018 ഡിസംബർ 20നു മുമ്പായി ജില്ലാ കളക്ടർമാർ വിളിച്ചുചേർക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷരുടെ യോഗത്തിൽ അവതരിപ്പിച്ച് പ്രശ്ന പരിഹാരത്തിനുള്ള നടപടിക്രമം അന്തിമമാക്കണം (ചുമതല- LIFE ജില്ലാ മിഷൻ കോഓർഡിനേറ്റർമാർ)

  → നെൽവയൽ -തണ്ണീർത്തട നിയമപ്രശ്നമുള്ള ഭൂമിയുടെ വിവരങ്ങൾ ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടവയും ഉൾപ്പെടാത്തവയും വെവ്വേറെയായി പട്ടികപ്പെടുത്തണം. ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടവ LLMC ക്കും ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തവ RDOയ്ക്കും 2018 ഡിസംബർ 15നു മുമ്പായി കൈമാറണം. ഇതിന്റെ പുരോഗതി LIFE ജില്ലാ മിഷൻ കോഓർഡിനേറ്റർമാർ നിരീക്ഷിക്കുകയും ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ടു നൽകുകയും വേണം.

  → മേൽപ്പറഞ്ഞ രണ്ടുകാര്യത്തിലുമുള്ള പുരോഗതിയും പൂർണ്ണ പ്രശ്നപരിഹാരത്തിനുള്ള നടപടിയും 2018 ഡിസംബർ 20നു ജില്ലാ കളക്ടർമാർ ചീഫ് സെക്രട്ടറിക്കു റിപ്പോർട്ട് ചെയ്യണം.

- PMAY അർബനിലും PMAY ഗ്രാമീണിലുമായി എത്ര LIFE ഗുണഭോക്താക്കൾക്ക് കേന്ദ്ര ധനസഹായം ലഭിക്കുമെന്ന വിവരവും, PMAY (U) or PMAY (G) -ലായി ധനസഹായം ലഭിക്കുന്ന LIFE ഗുണഭോക്താക്കളുടെ പട്ടികയും ഒരുമാസത്തിനുള്ളിൽ ലഭ്യമാക്കുന്നതിന് നോഡൽ ഏജൻസിയായ കുടുംബശ്രീയോട് ആവശ്യപ്പെടണം.
- ഗുണഭോക്തൃ പട്ടിക കുറ്റമറ്റതാക്കിക്കൊണ്ട് കേന്ദ്ര പദ്ധതി വിഹിതവും ഇതിന് ആനുപാതികമായ സംസ്ഥാന പദ്ധതി വിഹിതവും ത.സ്വ.ഭ സ്ഥാപന വിഹിതവും

ലഭ്യമാക്കി PMAY (U) ഭവന നിർമ്മാണം മുന്നോട്ട് കൊണ്ടു പോകുന്നതിനു PMAY നോഡൽ ഏജൻസിയായ കുടുംബശ്രീക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് നിർദ്ദേശം നൽകേണ്ടതാണ്. വായ്പ ആവശ്യമുള്ള PMAY ഗുണഭോക്താക്കളുടെ പട്ടിക KURDFC-ക്കു ആവശ്യമായ രൂപത്തിൽ തയ്യാറാക്കി വേണ്ടുന്ന സാക്ഷ്യപ്പെടുത്തലുകളോടെ KURDFC-ക്കു നേരിട്ടു ലഭ്യമാക്കി വായ്പാവിഹിതം കൈപ്പറ്റുന്നതിന് കുടുംബശ്രീക്ക് അംഗീകാരം നൽകുകയും ചെയ്യാവുന്നതാണ്.

- LIFE മിഷന്റെ മൂന്നാം ഘട്ട പ്രവർത്തനമായ ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസത്തിനുള്ള LIFE ഭവനസമുച്ചയ നിർമ്മാണത്തിനായി ജില്ലാ കളക്ടർമാർ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്ഥലങ്ങൾ കൂടി പഠിക്കുന്നതിനും ഭവനസമുച്ചയ നിർമ്മാണ വിശദാംശരേഖ തയ്യാറാക്കുന്നതിനും, വിവിധ ജില്ലകൾക്കായി ഇപ്പോൾ കണ്ടെത്തിയിട്ടുള്ള PMC-കളെ തന്നെ ഏൽപ്പിക്കാവുന്നതാണ്. ഇക്കാര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കണം-

  → കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ ജില്ലാകളക്ടർമാർ പുനപ്പരിശോധിച്ച് അനുയോജ്യത ഉറപ്പാക്കുകയും അന്തിമമാക്കിയ പട്ടിക 2018 ഡിസംബർ 15നു മുമ്പായി LIFE ജില്ലാ മിഷൻ കോഓർഡിനേറ്റർമാരെ ഏൽപ്പിക്കുകയും വേണം.

  → LIFE ജില്ലാ മിഷൻ കോഓർഡിനേറ്റർമാർ LIFE മിഷൻ സംസ്ഥാന സെൽ നിയോഗിക്കുന്ന PMC മാരുമായി ചേർന്ന് ഈ സ്ഥലങ്ങളെല്ലാം സംയുക്ത പരിശോധന നടത്തുകയും വിശദാംശപരിശോധനയ്ക്കുള്ള സ്ഥലപട്ടിക അന്തിമമാക്കി 2018 ഡിസംബർ 31-നു മുമ്പായി LIFE മിഷൻ സംസ്ഥാന സെല്ലിൽ എത്തിക്കുകയും വേണം.

- മേൽപ്പറഞ്ഞ പ്രവർത്തനത്തിനു സമാന്തരമായി LIFE മിഷൻ തയ്യാറാക്കിയിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പട്ടികയുടെ ഫീൽഡ് പരിശോധന നടത്തണം. ഇതിനുള്ള വിശദമായ നിർദ്ദേശങ്ങളും ഓൺലൈൻ സംവിധാനവും 2018 ഡിസംബർ 31-നു മുമ്പായി LIFE മിഷൻ സംസ്ഥാനസെൽ അന്തിമമാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭ്യമാക്കണം.

- LIFE മിഷന്റെ ജില്ലാതല സംവിധാനം, Rebuild Kerala Initiative-ന്റെ ജില്ലാതല പ്രവർത്തനത്തിനുള്ള സഹായക സംവിധാനമായിക്കൂടി ചുമതലയെടുക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

എം. ശിവശങ്കർ ഐ.എ.എസ്
മുഖ്യമന്ത്രിയുടെ സെക്രട്ടറി &
സി.ഇ.ഒ. ലൈഫ് മിഷൻ

## 2018 ജൂലൈ 30-ന് ബഹു.മുഖ്യമന്ത്രി വിളിച്ചുചേർത്ത LIFE മിഷൻ യോഗത്തിന്റെ തീരുമാനങ്ങൾ

ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ LIFE മിഷന്റെ സംസ്ഥാന മിഷൻ സമിതി യോഗം 2018 ജൂലൈ 30നു രാവിലെ 10 മണിക്ക് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുകയുണ്ടായി. യോഗത്തിൽ പങ്കെടുത്തവരുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു.

LIFE മിഷന്റെ ഇതുവരെ നടന്നുവന്ന പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ടും നിർവ്വഹണ പ്രവർത്തനങ്ങളിൽ നേരിട്ടു വരുന്ന പ്രധാന ബുദ്ധിമുട്ടുകളും പ്രവർത്തനങ്ങളുടെ സുഗമമായ പുരോഗതിക്കാവശ്യമായ തീരുമാനങ്ങളും വിവരിക്കുന്ന സമഗ്രമായ മിഷൻ പ്രവർത്തന റിപ്പോർട്ട്, LIFE മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അവതരിപ്പിച്ചു. ഓരോ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും വിശദമായ ചർച്ചകൾ നടന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മിഷൻ സമിതി താഴെപ്പറയുന്ന തീരുമാനങ്ങൾ സ്വീകരിച്ചു.

### 1. പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണ പരിപാടി –

- സർക്കാർ ധനസഹായം കൈപ്പറ്റുകയും വീടു പൂർത്തീകരിക്കാതിരിക്കുകയും ചെയ്തിട്ടുള്ള ഭവനങ്ങളിൽ ഫീൽഡിൽ കണ്ടെത്താനാകാതെ പോയിട്ടുള്ള പതിനൊന്നായിരത്തിൽപ്പരമുള്ള ഗുണഭോക്താക്കളെക്കുറിച്ച് പരിശോധന ഉണ്ടാകണം. ഇവരിൽ അനർഹരായവർ സർക്കാർ ധനസഹായം കൈപ്പറ്റിയിട്ടുള്ളവയോ, ലഭിച്ച ധനസഹായം വീടു നിർമ്മാണത്തിനല്ലാതെ ധൂർത്തടിക്കപ്പെട്ടിട്ടുള്ളവയോ ഉണ്ടെങ്കിൽ നൽകിയതുക പലിശ സഹിതം തിരികെ ഈടാക്കാനുള്ള പ്രവർത്തന പരിപാടി തയ്യാറാക്കണം.

  പൂർത്തിയാകാത്ത വീടു പൂർത്തിയാക്കാൻ LIFE മിഷൻ ഒന്നാം ഘട്ട പദ്ധതിയുടെ കീഴിൽ വീണ്ടും ഒരു ഗഡുകൂടി ധനസഹായം വാങ്ങുകയും, അതിനു ശേഷവും നാളിതുവരെ വീടു പണി പുനഃരാരംഭിക്കാതിരിക്കുകയും ചെയ്തിട്ടുള്ളവരുടെ കാര്യം കൂടുതൽ ഗൌരവപൂർവ്വം തന്നെ കാണേണ്ടതുണ്ട്. ഇത്തരത്തിൽ നിരുത്തരവാദ പൂർണ്ണമായ സമീപനം എടുത്തിട്ടുള്ളവരിൽ നിന്നും നൽകിയതുക പലിശ സഹിതം തിരികെ ഈടാക്കാനും മേലിൽ ഒരു സർക്കാർ ഭവനവത്ക്കരണ പദ്ധതിയിലും അവരെ പരിഗണിക്കാതിരിക്കാനുമുള്ള പ്രവർത്തന പരിപാടി തയ്യാറാക്കണം.
- അതേസമയം, അവസാനഘട്ടത്തിലെത്തിയിട്ടുള്ള ഭവന പൂർത്തീകരണ പദ്ധതിയിൽ, വീടുനിർമ്മാണം മുന്നോട്ടു കൊണ്ടുപോകുന്നതിന് ധനവിഭവത്തിന് ഉപരിയായ കൈത്താങ്ങ് ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുള്ള ഏകദേശം 2500 കുടുംബങ്ങളുടെ പ്രശ്ന പരിഹാരത്തിന് ജനകീയ ഇടപെടൽ പ്രവർത്തനം ആഗസ്റ്റ് മാസത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്. ഇതിനുള്ള നിർദ്ദേശം തയ്യാറാക്കുകയും ഒരു സർക്കുലറായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു നൽകുകയും ചെയ്യണം.

### 2. ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന ധനസഹായ പരിപാടി –

- ഭൂമിയുള്ള ഭവനരഹിതരുടെ LIFE ഗുണഭോക്തൃപ്പട്ടികയിൽ റേഷൻകാർഡ് ഇല്ല എന്ന ഏക കാരണം കൊണ്ട് ഒഴിവാകുന്നു എന്നു റിപ്പോർട്ടു ചെയ്യുന്നവരുടെ പട്ടിക സിവിൽ സപ്ലൈസ് വകുപ്പ് ശേഖരിച്ചിട്ടുള്ള ഒരു റേഷൻകാർഡിലും പേരില്ലാത്തവരുടെ പട്ടികയുമായി താരതമ്യപ്പെടുത്തി അവരുടെ അർഹത ഉറപ്പാക്കുകയും അങ്ങനെ അർഹത ഉറപ്പാകുന്നവർക്ക് ധനസഹായം നൽകുകയും ചെയ്യുന്നതാണ് ഉചിതം എന്ന നിർദ്ദേശം അംഗീകരിച്ചു.

- എല്ലാ അണുകുടുംബങ്ങൾക്കും വീട് നൽകുന്നതിനുള്ള ധനലഭ്യത സംസ്ഥാനത്തിനില്ലാത്തതിനാൽ, ഗുണഭോക്താവിന് റേഷൻകാർഡ് ഉണ്ടായിരിക്കുകയും അതിൽ ഉൾപ്പെട്ട മറ്റൊരാൾക്ക് വീടുണ്ടായിരിക്കുകയും ചെയ്യുന്നു എങ്കിൽ പ്രസ്തുത ഗുണഭോക്താക്കളെ ഭവന നിർമ്മാണ ധനസഹായത്തിനു പരിഗണിക്കേണ്ടതില്ല.

- റേഷൻ കാർഡ് സംബന്ധിച്ച കാര്യത്തിൽ അവ്യക്തതയുണ്ടാക്കുന്ന സർക്കുലർ നമ്പർ ഡിബി1/374/2018/തസ്വഭവ തീയതി 23.05.2018 റദ്ദ് ചെയ്യേണ്ടതാണ്.

- സ്വന്തമായി ഭൂമിയില്ലാത്തവരെ LIFE മിഷന്റെ രണ്ടാംഘട്ട പ്രവർത്തനത്തിൽ പരിഗണിക്കേണ്ടതില്ല. എന്നാൽ ഭൂമി സ്വന്തമല്ലെങ്കിലും, അവിടെ വീടുവച്ച് താമസിക്കാൻ ഭൂവുടമ നിയമാനുസൃതമായി നൽകിയിട്ടുള്ള അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃപ്പട്ടികയിലുള്ള LIFE മിഷൻ ഗുണഭോക്താവിന് കെട്ടിട നിർമ്മാണ അനുമതി (building permit) നൽകാവുന്നതാണ്.

- ഓല, ഷീറ്റ്, പലക തുടങ്ങിയ ദുർബ്ബല വസ്തുക്കൾ കൊണ്ട് പകുതിയിലേറെ ഭാഗവും നിർമ്മിച്ച വാസയോഗ്യമല്ലാത്ത വീട് മാത്രമുള്ളവരെയാണ് ഭവനരഹിതരായി പരിഗണിക്കേണ്ടത്. LIFE മിഷൻ ലക്ഷ്യമാക്കുന്ന നിർധന വിഭാഗങ്ങളുടെ, മേൽപ്പറഞ്ഞ വിധമുള്ളവയല്ലാത്തവ എങ്കിലും വാസയോഗ്യമല്ലാത്ത വീടുകളുടെ കാര്യത്തിൽ ആവശ്യമായ പുനരുദ്ധാരണപ്പണികൾ എന്തെന്നും അതിനുള്ള ചെലവും സാങ്കേതികമായി വിലയിരുത്തേണ്ടതാണ്. ഇതിനായി, LIFE മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട, വാസയോഗ്യമല്ലാത്ത വീടുകളുടെ വിവരങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി ഉടനടി ശേഖരിക്കണം. അവ സാങ്കേതികമായി വിലയിരുത്തുന്നതിനുള്ള പ്രവർത്തന പരിപാടി തയ്യാറാക്കണം.

- CRZ, നെൽവയൽ-തണ്ണീർത്തട നിയമ പരിധിയിൽ വരുന്ന ഭൂമി മാത്രമുള്ള LIFE ഗുണഭോക്താക്കൾക്ക് LIFE നിബന്ധന പ്രകാരമുള്ള 400ച.അടി വീടുവയ്ക്കാൻ ബിൽഡിങ്ങ് പെർമിറ്റ് നൽകുന്നതിന്, കരാർ കാലതാമസവും ബുദ്ധിമുട്ടും ഒഴിവാക്കുന്നതിനുള്ള നിയമാനുസൃതമായ നടപടിക്രമങ്ങൾ ആവശ്യമാണ് എന്ന് യോഗം വിലയിരുത്തി. ഈ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക്, അവർ മറ്റെല്ലാ വിധത്തിലും അർഹരാണെങ്കിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനു ത.സ്വ.ഭ. സ്ഥാപന സെക്രട്ടറിമാരെ നിയമപരമായി അധികാരപ്പെടുത്താനാകുമോ എന്നത്, LIFE മിഷൻ നിയമവകുപ്പുമായി ചേർന്ന് പരിശോധിച്ച് ഉറപ്പാക്കണം. അതനുസരിച്ചുള്ള നടപടികൾ ഉചിതതലത്തിൽ തീരുമാനിച്ച് നടപ്പാക്കണം.
- LIFE ഗുണഭോക്താക്കൾ സാമ്പത്തികമായും സാമൂഹികമായും ഏറെ പിന്നോക്കാവസ്ഥയിലുള്ളവരാണ്. രോഗാതുരരും, അംഗപരിമിതരും, തുണയ്ക്കാരുമില്ലാത്ത വൃദ്ധരും, സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങളുമൊക്കെ ഇതിൽ ഉൾപ്പെടുന്നു. ഈ ഗുണഭോക്താക്കൾക്ക് കരാർ തയ്യാറാക്കുന്നതിന്റെയും അതു രജിസ്റ്റർ ചെയ്യുന്നതിന്റെയുമൊക്കെ ഔദ്യോഗിക നൂലാമാലകൾ ഏറെ ബുദ്ധിമുട്ടുണ്ടാക്കും. അത് അവരെ ഇടനിലക്കാരെ ആശ്രയിക്കുന്നതിലേക്ക് നയിക്കാനും ഇടയുണ്ട്. ഇത്തരത്തിൽ LIFE ഗുണഭോക്താക്കൾ ബുദ്ധിമുട്ടുകയോ ചൂഷണം ചെയ്യപ്പെടുകയോ ചെയ്യാനുള്ള സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ് എന്നു യോഗം വിലയിരുത്തി. അതിനായി, LIFE പദ്ധതിയിൽ സ്ഥാപിക്കുന്ന വീടും അതിനാവശ്യമായ ഭൂമിയും 12 വർഷത്തേക്ക് കൈമാറ്റം ചെയ്യാതെയിരിക്കുന്നതിന്

കരാർ വയ്ക്കുന്നതിനു പകരം ഗുണഭോക്താവിന്റെ സമ്മതപത്രം വാങ്ങിക്കൊണ്ട്, ഭൂമി രജിസ്ട്രേഷനുള്ള സോഫ്റ്റ് വെയറിൽ പ്രസ്തുത ഭൂമിയുടെ കൈമാറ്റം ഇലക്ട്രോണിക്കായി തടയുന്ന സംവിധാനം കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം ഉചിതമാണ് എന്നു സമിതി അംഗീകരിച്ചു. ഇതിനുള്ള നടപടികൾ നിയമ-രജിസ്ട്രേഷൻസ് വകുപ്പുകളുമായി ഏകോപിച്ച് വേഗത്തിൽ നടപ്പാക്കണം.

- LIFE പദ്ധതിയുടെ സംസ്ഥാന വിഹിതമായി ബജറ്റിൽ കണക്കാക്കി, വിവിധ വകുപ്പുകളുടെ (പട്ടികജാതി, പട്ടികവർഗ്ഗം, മൈനോറിറ്റി, ലേബർ, ഹൌസിങ് ബോർഡ്) ബജറ്റ് ഹെഡ്ഡിൽ ഭവന നിർമ്മാണഫണ്ടായി വകയിരുത്തി നൽകിയിട്ടുള്ള തുക KURDFC, LIFE പദ്ധതിക്കായി ആരംഭിക്കുന്ന ബാങ്ക് അക്കൌണ്ടിലേക്കു മാറ്റി പൂൾഡ് ഫണ്ട് ആക്കുന്നതാണ് ഉചിതം. ഇതു ചർച്ച ചെയ്തു തീരുമാനമാക്കുന്നതിന്, പ്രസ്തുത വകുപ്പുകളുടെ മന്ത്രിമാരുടെ പ്രത്യേക യോഗം രണ്ടാഴ്ചയ്ക്കകം വിളിക്കേണ്ടതാണ്.

- ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന ധനസഹായം പദ്ധതി തുടങ്ങിക്കഴിഞ്ഞാൽ ഇടയ്ക്കു മുടങ്ങാതെയിരിക്കുന്നതിന് സഹായകമായ ഒരു Bridge Loan സംവിധാനം രൂപീകരിക്കേണ്ടതാണ്. സഹകരണ ബാങ്കുകളിൽ നിന്ന് ഇതിനുള്ള ധനസമാഹരണം നടത്തുന്നത് അടക്കമുള്ള നടപടികൾ ധനവകുപ്പുമായി ചർച്ച ചെയ്തു വേഗത്തിൽ തന്നെ തീരുമാനിക്കണം.

- കേന്ദ്ര ധനസഹായ പദ്ധതിയായ PMAY(അർബൻ)-ൽ LIFE മിഷൻ ഗുണഭോക്താക്കളല്ലാത്ത എഴുപത്തി അയ്യായിരത്തോളം പേരെ കൂട്ടിച്ചേർത്ത നടപടി മിഷന്റെ സാമ്പത്തിക ഭാരം പലമടങ്ങ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പ്രശ്നം PMAY ഗ്രാമീൺ പദ്ധതിയിൽ ആവർത്തിക്കാതിരിക്കാൻ PMAY ഗ്രാമീൺ പദ്ധതിയിൽ ഗുണഭോക്താക്കളെ LIFE ഗുണഭോക്തൃപ്പട്ടികയിൽ നിന്നു മാത്രമേ തെരഞ്ഞെടുക്കാവൂ. ഇതു സംബന്ധിച്ച വ്യക്തമായ നിർദ്ദേശം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു നൽകണം.

  PMAY ഗ്രാമീൺ പദ്ധതിയിൽ LIFE ഗുണഭോക്തൃപ്പട്ടികയിലുൾപ്പെടാത്ത ആരെയെങ്കിലും ഉൾപ്പെടുത്തിയാൽ അവർക്ക് സംസ്ഥാന പദ്ധതി വിഹിതമോ വായ്പാ വിഹിതമോ ആയി അധിക ധനസഹായം ലഭ്യമാക്കാനുള്ള ഉത്തരവാദിത്തം സർക്കാരിന് ഉണ്ടായിരിക്കുന്നതല്ല.

  LIFE മിഷൻ ഗുണഭോക്തൃ പട്ടികയ്ക്കു പുറത്തു നിന്ന്, PMAY(അർബൻ)-ൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ വിശദമായ അർഹതാ പരിശോധന നടത്തേണ്ടതും അവരിൽ ആരെങ്കിലും സ്വന്തമായി വേറെ വീട്ടുള്ളവരാണെങ്കിൽ അവർക്കു നൽകിയ ധനസഹായതുക പലിശയോടെ തിരികെ ഈടാക്കേണ്ടതുമാണ്.

- ഇക്കൊല്ലത്തെ മഴക്കെടുതിയിൽ വീട്ടു നശിച്ചവരുടെ വിവരങ്ങൾ ഉടനേ ശേഖരിക്കുകയും, ഇവരുടെ വീടുകളുടെ സ്ഥിതി പരിശോധന വേഗത്തിൽ നടത്തി റിപ്പോർട്ടു ചെയ്യാൻ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും വേണം. SRDF, CMRDF എന്നിവയിൽ നിന്നായി ഈ ഭവനങ്ങളുടെ നവീകരണത്തിനുള്ള ഫണ്ട് ലഭ്യമാക്കാവുന്നതാണ്. പൂർണ്ണമായി തകർന്നു പോയ വീടുകൾക്ക് ഈ ധനസഹായം നൽകുന്നതിനു സർക്കാർ ഉത്തരവുണ്ട്. ഭാഗികമായി തകർന്നവയ്ക്കു കൂടി ഇതു ലഭ്യമാക്കുന്നതിനുള്ള ഉത്തരവിറക്കാൻ നിർദ്ദേശിക്കേണ്ടതാണ്.

- സപ്ലിമെന്ററി പട്ടികയിലുള്ള ഭൂമിയുള്ള ഭവനരഹിതവരുടെ വിവരങ്ങളും ഉടനേ ശേഖരിക്കുകയും സെപ്തംബറോടെയെങ്കിലും കർശനമായ അർഹതാ പരിശോധന നടത്തി അർഹരായവരെ കണ്ടെത്താനുള്ള മാർഗ്ഗ നിർദ്ദേശം നൽകുകയും വേണം.

- ഗ്രാമസഭ അംഗീകരിച്ച മുഖ്യലിസ്റ്റിലുണ്ടായിട്ടും ത.സ്വ.ഭ സ്ഥാപനത്തിന്റെ അംഗീകാര ലിസ്റ്റിൽ പെടാതെ പോയത്, LIFE ഭൂരഹിത ഭവനരഹിതരുടെ പട്ടികയിലുള്ളവരിൽ, പുതുതായി ഭൂമി കൈവശം വന്നവർ തുടങ്ങിയവരുടെ വിവരങ്ങൾ ശേഖരിക്കുകയും അവർ എല്ലാ നിർബന്ധിത രേഖകളും ഹാജരാക്കുന്നുവെങ്കിൽ ഇക്കൊല്ലം തന്നെ ധനസഹായത്തിന് അംഗീകാരം നൽകുകയും ചെയ്യാവുന്നതാണ്.

- PMAY(അർബൻ) പദ്ധതിയിൽ വളരെ ഉയർന്ന എണ്ണം ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയതു മൂലം, വരും വർഷങ്ങളിൽ 20% പദ്ധതി വിഹിതം വായ്പാ തിരിച്ചടവിനു തികയാതെ വരുന്ന നഗരസഭകൾക്ക് തനതു ഫണ്ടിൽ നിന്ന് അടക്കം ബാക്കിത്തുക കണ്ടെത്തുന്നതിനുള്ള പ്രവർത്തന പരിപാടി കണ്ടെത്തി നിർദ്ദശിക്കണം.

3. **ഭൂരഹിത ഭവനരഹിതരുടെ പുനഃരധിവാസ പദ്ധതി**

- ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി തനതുഫണ്ടിൽ നിന്നോ, LIFE മിഷൻ പദ്ധതിക്കായി നിർബന്ധമായി മാറ്റി വച്ചിട്ടുള്ള 20%-ന് ഉപരിയായ പദ്ധതി വിഹിതമായോ ഫണ്ടു കണ്ടെത്താനാകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള വ്യക്തമായ മാർഗ്ഗ നിർദ്ദേശം LIFE മിഷൻ തയ്യാറാക്കി നൽകണം.

- ഭൂമി വാങ്ങുന്നതിനായി റവന്യൂ വകുപ്പ് നിശ്ചയിച്ചു നൽകുന്ന ഫെയർ വാല്യുവിൽ ഭൂമി വാങ്ങാനാകില്ലെന്ന (പ്രത്യേകിച്ച് നഗരപ്രദേശത്ത്) പ്രശ്നം ചർച്ച ചെയ്തു. നിലവിൽ ഫിഷറീസ് വകുപ്പിന് നിലവിൽ ഭവനനിർമ്മാണത്തിന് 200ശതമാനം വരെ ഉയർന്ന നിരക്ക് നൽകി ഭൂമി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സമാനവും യുക്തിസഹവുമായ കോമ്പൻസേഷൻ രീതി നഗരപ്രദേശങ്ങളിലേക്ക് നിർബന്ധമായും മറ്റിടങ്ങളിൽ ആവശ്യാനുസൃതമായും നിശ്ചയിച്ചു നൽകാൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തി.

- മലപ്പുറം പെരിന്തൽമണ്ണയിൽ LIFE ഭവന സമുച്ചയത്തിനായി ലഭ്യമാക്കിയിട്ടുള്ള 7ഏക്കർ ഭൂമിയിൽ 50 ശതമാനം സ്പോൺസർ ഷിപ്പോടെയും ഏറ്റവും കോസ്റ്റ് എഫക്ടീവായും കെട്ടിട നിർമ്മാണം നടത്തുന്നതിന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് എന്ന സംഘടനയിലെ അംഗങ്ങൾ സമർപ്പിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ നിർദ്ദേശം തത്വത്തിൽ അംഗീകരിക്കുന്നു. ഏജൻസി സമർപ്പിക്കുന്ന രൂപകല്പനയും വിശദാംശരേഖയും സാങ്കേതിക പരിശോധന നടത്തുകയും സ്വീകാര്യമായി കണ്ടാൽ ചർച്ചകൾ മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യാൻ LIFE ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

യോഗം 12 മണിക്ക് അവസാനിച്ചു.

## ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 13.07.2017-ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ മിനിട്സ്

സമ്പൂർണ്ണ പാർപ്പിട ദൗത്യം - ലൈഫ് മിഷന്റെ മൂന്നാം യോഗം 13.07.2017-ന് രാവിലെ 11 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത മറ്റ് അംഗങ്ങളുടെ പേര് വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

### അജണ്ട- I: 05.04.2017-ലെ യോഗതീരുമാനങ്ങളുടെ അംഗീകാരം

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 05.04.2017-ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ മിനിട്സ് അംഗീകരിച്ചു.

### അജണ്ട-2: 05.04.2017-ലെ യോഗത്തിന് ശേഷം സ്വീകരിച്ച നടപടികൾ

05.04.2017-ലെ യോഗത്തിന് ശേഷം സ്വീകരിച്ച നടപടികൾ അംഗീകരിച്ചു.

### അജണ്ട 3 : ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേയുടെ പുരോഗതി

ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തൊട്ടാകെ 13,15,975 പേരെ സർവ്വേ ചെയ്തതിൽ, 5,06,904 കുടുംബങ്ങൾ അർഹതാ പട്ടികയിൽ ഉൾപ്പെട്ട് വന്നിട്ടുണ്ട് എന്നും ഇതിൽ 3,73,138 കുടുംബങ്ങൾ ഭൂരഹിത-ഭവനരഹിതരും, 1,33,766 കുടുംബങ്ങൾ ഭൂമിയുള്ള ഭവനരഹിതരും ആണെന്നും ലൈഫ് മിഷൻ സി.ഇ.ഒ. യോഗത്തെ അറിയിച്ചു. കൂടാതെ ലൈഫ് മിഷൻ സർവേയിൽ കണ്ടെത്തിയ കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ യോഗത്തിൽ സമർപ്പിച്ചു. ലൈഫ്

പദ്ധതി ആരംഭിച്ചപ്പോൾ 2.75 ലക്ഷം ഭൂരഹിതരുടെ കണക്കുകൾ ആണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അത് 3,73,138 ആയിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി. പല കുടുംബങ്ങളിലും കുടുംബസ്വത്ത് വിഭജിച്ച് കിട്ടാത്തതിനാൽ ആണ് ഇത്രയും ഭൂരഹിതരുടെ എണ്ണം വന്നത് എന്ന് യോഗം നിരീക്ഷിച്ചു.

കുടുംബശ്രീ നിലവിൽ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് ഇംഗ്ലീഷിൽ ആണെന്നും ആയത് തദ്ദേശസ്ഥാപന തലത്തിൽ മലയാളത്തിലേക്ക് മാറ്റി പ്രസിദ്ധീകരിക്കാവുന്നതാണെന്നും ബഹു. മുഖ്യമന്ത്രി അറിയിച്ചു.

ലൈഫ് സർവ്വേ പ്രകാരം 11,363 കുടുംബങ്ങൾ തോട്ടം മേഖലയിൽ നിന്നും ഭവനരഹിതരാണ് എന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ തൊഴിൽ വകുപ്പിന്റെ കണക്കുകൾ പ്രകാരം 22,609 ഭൂമിയുള്ള ഭവനരഹിതർ ഉണ്ടെന്നും 8,208 ഭൂരഹിത-ഭവനരഹിതർ ഉണ്ടെന്നും ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിക്കണം എന്നും ബഹു. തൊഴിൽ വകുപ്പ് മന്ത്രി ആവശ്യപ്പെട്ടു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

<u>തീരുമാനങ്ങൾ</u>

1. ലൈഫ് മിഷൻ വേണ്ടി കുടുംബശ്രീ നടത്തിയ സർവ്വേ പ്രകാരം തയ്യാറാക്കിയ കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.

2. ഗുണഭോക്തൃ ലിസ്റ്റ് ഇംഗ്ലീഷിൽ ലഭ്യമാകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലയാളത്തിലേക്ക് മാറ്റി പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണ്.

3. കരട് പട്ടികയിന്മേൽ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച്, അനർഹരെ ഒഴിവാക്കിയും വിട്ടുപോയിട്ടുള്ള അർഹരെ ഉൾപ്പെടുത്തിയും

അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള സമയക്രമം ചുവടെ ചേർക്കുന്ന പ്രകാരം തീരുമാനിച്ചു.

- ഗുണഭോക്താക്കളുടെ കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറൽ - ജൂലൈ 15
- കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികൾ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ട അവസാന തീയതി - ജൂലൈ 30
- ആദ്യഘട്ട അപ്പീലുകൾ സ്വീകരിക്കുന്ന അവസാന തീയതി - ആഗസ്റ്റ് 10
- ആദ്യഘട്ട അപ്പീലുകൾ പരിശോധിച്ച് പട്ടിക പുനഃപ്രസിദ്ധീകരിക്കൽ - ആഗസ്റ്റ് 20
- ജില്ലാ കളക്ടർക്ക് രണ്ടാം ഘട്ട ആക്ഷേപങ്ങൾ സമർപ്പിക്കാവുന്ന അവസാന തീയതി -ആഗസ്റ്റ് 25
- രണ്ടാം ഘട്ട അപ്പീലുകൾ പരിശോധിച്ച് പട്ടിക പുനഃപ്രസിദ്ധീകരിക്കൽ - ആഗസ്റ്റ് 31
- ഗ്രാമസഭ/ വാർഡ് സഭ കൂടി പട്ടിക അംഗീകരിക്കേണ്ട സമയം - സെപ്റ്റംബർ 01 മുതൽ 20 വരെ
- ഗ്രാമസഭ/ വാർഡ് സഭ അംഗീകരിച്ച പട്ടികകൾ ഭരണസമിതികൾ അംഗീകരിച്ച് അന്തിമ ഗുണഭോക്തൃ പട്ടികയുടെ പ്രസിദ്ധീകരണം - സെപ്റ്റംബർ 25

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികൾക്ക് അനർഹരായവരെ ഒഴിവാക്കാനുള്ള അധികാരം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദേശങ്ങൾ നൽകുവാൻ തീരുമാനിച്ചു

5. ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് ടി.വി., റേഡിയോ, അയൽക്കൂട്ടങ്ങൾ എന്നിവ മുഖേന വ്യാപകമായ പരസ്യം നൽകുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

6. കരട് ഗുണഭോക്തൃ പട്ടികയിലെ ഭൂരഹിത-ഭവനരഹിതരിൽ നിന്ന് ചുവടെ ചേർത്തിട്ടുള്ള വിഭാഗങ്ങളെ ഒഴിവാക്കാൻ തീരുമാനിച്ചു

   a) കുടുംബസ്വത്തുള്ളവർ, സ്വത്ത് ഭാഗം വച്ച ശേഷം ഭൂരഹിതർ ആയവർ

   b) സ്വത്ത് ഭാഗം വച്ച് ലഭിക്കാൻ സാധ്യതയുള്ളവർ

ഇപ്രകാരമുള്ള ഭൂരഹിത-ഭവനരഹിതരെ ഭൂമിയുള്ള ഭവനരഹിതർ ആയി കണക്കാക്കാൻ തീരുമാനിച്ചു.

7. 25 വയസ്സിനുമേൽ പ്രായമുള്ള, വരുമാനമുള്ള, ആൺമക്കളുള്ള വിധവകളെ ക്ലേശഘടകം ഉള്ളവരുടെ കൂട്ടത്തിൽ നിന്ന് ഒഴിവാക്കി പൊതു വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

8. ലൈഫ് മിഷൻ കണ്ടെത്തിയിട്ടുള്ള തോട്ടം മേഖലയിലെ ഭവനരഹിതരിൽ, തോട്ടങ്ങളുടെ ലയങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ട് എന്ന് പരിശോധിക്കുന്നതിനും, തോട്ടം തൊഴിലാളികളുടെ തദ്ദേശസ്ഥാപനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുന്നതിനും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. തോട്ടം മേഖലയിലെ എല്ലാ ഭവനരഹിതരുടെയും ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിൽ നിന്ന് ശേഖരിച്ച്, അർഹതയുള്ളവരെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ലൈഫ് മിഷൻ സി.ഇ.ഒ.യെ ചുമതലപ്പെടുത്തി.

9. SC, ST, ഫിഷറീസ് വകുപ്പുകളുമായി ആലോചിച്ച് അവരുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ലൈഫ് ലിസ്റ്റിൽ

ഉൾപ്പെടാത്തവരുമായ അർഹരായ ഭവനരഹിതരെ പട്ടികയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

<u>അജണ്ട-4: ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഏജൻസികളെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച്</u>

ആദ്യ ഘട്ട നിർമ്മാണ പ്രവത്തനം ഏറ്റെടുക്കാൻ സന്നദ്ധമായിട്ടുള്ള നിർമ്മാണ ഏജൻസികൾ സമർപ്പിച്ച യൂണിറ്റ് നിരക്കുകൾ യോഗം വിലയിരുത്തി. ചതുരശ്ര അടിക്ക് 1819 മുതൽ 4313 രൂപ വരെ ആണ് ഏജൻസികൾ നൽകിയിട്ടുള്ള നിരക്ക്. ആയതിനാൽ ഇത് സംബന്ധിച്ച് സൂക്ഷ്മ പരിശോധന ആവശ്യമാണ് എന്ന് യോഗം നിരീക്ഷിച്ചു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

<u>തീരുമാനങ്ങൾ</u>

1. ആദ്യഘട്ട ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിനായി സർക്കാർ ലൈഫ് മിഷന് വേണ്ടി empanel ചെയ്യുന്ന ഏജൻസികളിൽ നിന്നും ലിമിറ്റഡ് ടെണ്ടർ നടത്തി നിർമ്മാണ ചുമതല എൽപ്പിക്കുവാൻ തീരുമാനിച്ചു.
2. ഭവനസമുച്ചയങ്ങളുടെ പ്ലിന്ത് ഏരിയ 500 ചതുരശ്ര അടിയായി നിജപ്പെടുത്തുവാൻ തീരുമാനിച്ചു. GO
3. മൊത്തം പ്ലിന്ത് ഏരിയയുടെ 20% common facilities-നും (വരാന്ത, സ്റ്റെയർകെയ്സ്, മുതലായവ) 5% common amenities-നും (multipurpose hall, crèche, അംഗനവാടി, പകൽവീട്, മുതലായവ) നിജപ്പെടുത്തുവാൻ തീരുമാനിച്ചു. GO
4. എല്ലാ ജില്ലയിലെയും ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ standard, specification എന്നിവ ഏകീകരിക്കുന്നതിന് ലൈഫ് മിഷൻറെ സാങ്കേതിക സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. GO pending

5. ലൈഫ് പദ്ധതിക്ക് ആവശ്യമായ GFRG പാനൽ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് FACT-മായി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

6. ലൈഫ് പദ്ധതിക്ക് ആവശ്യമായ സിമന്റ് ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് നിർമ്മാണ കമ്പനികളുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

7. ഭൂരഹിത-ഭവനരഹിതർ കുറവുള്ളതും എന്നാൽ ആവശ്യത്തിൽ കൂടുതൽ ഭൂമി ഉള്ളതുമായ തദ്ദേശ സ്ഥാപനങ്ങളിൽ മറ്റു തദ്ദേശ സ്ഥാപനങ്ങളിലെ ഭൂരഹിത-ഭവനരഹിതരെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള തരത്തിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുവാൻ തീരുമാനിച്ചു.

<u>അജണ്ട-5: ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കൽ</u>

ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഇതു വരെ 120 ഏക്കർ ഭൂമി മാത്രമേ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുള്ളൂ എന്ന വിവരം യോഗം വിലയിരുത്തി.

<u>തീരുമാനങ്ങൾ</u>

1. ഇതര വകുപ്പുകളുടെ കൈവശം ഉള്ള സർക്കാർ ഭൂമികൾ ലൈഫ് മിഷന് കൈമാറുന്നത് ജില്ലാ കലക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിക്കു രൂപം നൽകാൻ തീരുമാനിച്ചു. കമ്മിറ്റിയുടെ ഘടന താഴെ പറയും പ്രകാരം ആയിരിക്കും.

| | |
|---|---|
| ചീഫ് സെക്രട്ടറി | - ചെയർമാൻ |
| അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ | - അംഗം |

| | |
|---|---|
| അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യം | - അംഗം |
| പ്രിൻസിപ്പൽ സെക്രട്ടറി, ത.സ്വ.ഭ. വകുപ്പ് | - അംഗം |
| ഭൂമിയുടെ ഉടമസ്ഥതയുള്ള വകുപ്പിന്റെ സെക്രട്ടറി | - അംഗം |
| സി.ഇ.ഒ., ലൈഫ് മിഷൻ | - കൺവീനർ |

2. ഭൂമി കൈമാറ്റത്തിനുള്ള ശുപാർശകൾ, പ്രസ്തുത കമ്മിറ്റിയിൽ വകുപ്പ് സെക്രട്ടറിമാർ ചർച്ച നടത്തി അംഗീകരിച്ച്, ബന്ധപ്പെട്ട ഫയൽ വകുപ്പ് മന്ത്രിമാരുടെ അംഗീകാരത്തിന് സമർപ്പിക്കുവാനും, ഇത്തരത്തിൽ കമ്മിറ്റി അംഗീകരിക്കുന്ന ശുപാർശകൾ ബന്ധപ്പെട്ട മന്ത്രിമാർ മുഖേന ചംക്രമണം നടത്തി കാബിനറ്റ് അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിച്ചു.

3. മറ്റു വകുപ്പുകളുടെ കൈയ്യിലുള്ള ഭൂമി ഇപ്പോൾ ഉപയോഗിക്കുന്നില്ല എങ്കിൽ അതത് ജില്ലാതല വകുപ്പ് മേധാവികൾ ജില്ലാ കളക്ടർമാരെ അറിയിക്കേണ്ടതും, പ്രസ്തുത ഭൂമികളുടെയും ജില്ലാ കലക്ടർമാർ സ്വയം കണ്ടെത്തുന്ന ഭൂമികളുടെയും വിവരങ്ങൾ ലൈഫ് മിഷനിൽ അറിയിക്കേണ്ടതാണ്. മറ്റ് വകുപ്പുകളുടെ കൈയ്യിലുള്ള ഇപ്പോൾ ഉപയോഗമില്ലാത്ത ഭൂമികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ മൂന്നു വർഷം മുമ്പുള്ള കാബിനറ്റിൽ തീരുമാനിച്ചിട്ടുള്ള വിവരം റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

4. ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് സൗജന്യമായി ഭൂമികൾ സംഭാവന ചെയ്യുന്നതിലേക്കായി ഒരു യജ്ഞം ആരംഭിക്കാൻ തീരുമാനിച്ചു.

- തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തുടങ്ങിയ ഏതെങ്കിലും ജില്ലയിൽ ഒക്ടോബർ 2-ന് ബഹു. മുഖ്യമന്ത്രിയുടെ ഉദ്ഘാടനത്തോടെ ഇതിന് തുടക്കം കുറിക്കാൻ തീരുമാനിച്ചു.

- ഇതോടനുബന്ധിച്ച് ഓരോ ജില്ലയിലും ഭൂദാന മേളകൾ നടത്താൻ തീരുമാനിച്ചു.

- തോട്ടം തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി തോട്ടം മേഖലയിൽ സർക്കാർ പാട്ടവ്യവസ്ഥയിൽ നൽകിയ ഭൂമികളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചു.
- ഇതിന് ആവശ്യമായ ഭൂമികൾ കണ്ടെത്തുന്നതിന് ജില്ല കളക്ടർമാരെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

## അജണ്ട-6 : പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പട്ടിക എല്ലാ ഗ്രാമപഞ്ചായത്തുകളും 89 നഗരസഭകളും ലഭ്യമാക്കിയിട്ടുണ്ട്. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണം 2017-18-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ വിവിധ വകുപ്പുകൾ മുഖേന നൽകിയ പൂർത്തീകരിക്കാത്ത ഭവനങ്ങളെയും ഉൾപ്പെടുത്തണം എന്ന് യോഗം വിലയിരുത്തി. കൂടാതെ പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ ഉയർന്ന പരിധി നിശ്ചയിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്താവുന്നതാണ് എന്നും യോഗത്തിൽ അഭിപ്രായമുണ്ടായി.

### തീരുമാനങ്ങൾ

GO LSGD

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി നൽകിയ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പട്ടിക അംഗീകരിച്ചു.
2. വിവിധ വകുപ്പുകൾ മുഖേനെ നൽകിയ പൂർത്തീകരിക്കാത്ത ഭവനങ്ങളെയും കൂടി ഇതിലേക്ക് ഉൾപ്പെടുത്തണം.
3. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

- സ്വയം പൂർത്തീകരിക്കാൻ കഴിയുന്ന ഭവനങ്ങൾ ഗുണഭോക്താക്കളെ കൊണ്ട് തന്നെ പൂർത്തീകരിക്കേണ്ടതാണ്.

- അല്ലാത്ത വീടുകളുടെ പട്ടിക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും Third Party Technical Agency -ക്ക് കൈമാറി, CSR ഫണ്ട് കൂടി പ്രയോജനപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.
- 50%-ൽ കൂടുതൽ ധനസഹായം സ്വീകരിക്കുകയും ലിന്റിൽ /റൂഫ് ലെവൽ വരെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്ത ഭവനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ കർമ്മപദ്ധതി തയ്യാറാക്കി ഡിസംബർ 31-നകം പൂർത്തീകരിക്കേണ്ടതാണ്.
- 50%-ൽ താഴെ ധനസഹായം സ്വീകരിക്കുകയും മാരകരോഗങ്ങൾ മൂലവും കഷ്ടതകൾ കാരണവും കൈപ്പറ്റിയ തുകയ്ക്ക് ആനുപാതികമായി നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തതുമായ കുടുംബങ്ങളെ പ്രത്യേക പരിഗണന നൽകി, സി.എസ്.ആർ. ഫണ്ട്, മറ്റ് പ്രാദേശിക സംഭാവനകൾ എന്നിവയുപയോഗിച്ച്, മാർച്ച് 31-നകം പൂർത്തിയാക്കാവുന്നതാണ്. സി.എസ്സ്.ആർ ഫണ്ട് ബന്ധപ്പെട്ട പഞ്ചായത്തുകൾ സ്വയം കണ്ടെത്തേണ്ടതും, ജില്ലയ്ക്ക് ആവശ്യമായ ഫണ്ട് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലും കണ്ടെത്തേണ്ടതാണ്.
- പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ ഉയർന്ന പരിധി നിശ്ചയിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.
- പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി നിശ്ചയിച്ചിരിക്കുന്ന നിരക്കിലുള്ള ധനസഹായം അനുവദിക്കുവാൻ തീരുമാനിച്ചു.
- പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് മുഖേന 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ നൽകിയ പുതിയ വീടുകളിൽ പണി പൂർത്തിയാക്കാത്തവയ്ക്ക് പ്രസ്തുത വകുപ്പ് നൽകി വരുന്ന അധിക ധനസഹായം നിലനിർത്തുവാൻ തീരുമാനിച്ചു.

- പൂർത്തീകരിക്കാത്ത ഭവനങ്ങളിൽ 60 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ളവയ്ക്ക് അധിക ധനസഹായം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

- പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തി നിർമ്മിതി കേന്ദ്രത്തിന്റെ കീഴിലുള്ള "കലവറ" പോലെയുള്ള ഏജൻസികളിൽ നിന്ന് കുറഞ്ഞ ചെലവിൽ സാധനസാമഗ്രികൾ ലഭ്യമാക്കണം .

- ഈ ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് സിമന്റ് പരമാവധി വില കുറച്ചു നൽകുന്നതിന് മലബാർ സിമന്റ് ഉൾപ്പെടെ എല്ലാ സിമന്റ് കമ്പനികളോടും ആവശ്യപ്പെടാൻ വ്യവസായ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

## അജണ്ട-7 : ലൈഫ് മിഷൻ ഓഫീസ് പ്രവർത്തനങ്ങൾക്ക് വേണ്ട നടപടികൾ

ലൈഫ് മിഷന്റെ ആവശ്യങ്ങൾക്കായി ബജറ്റ് വഴി ലഭിക്കുന്ന തുക നിലവിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും ലൈഫ് മിഷൻ സി.ഇ.ഒ.യും ഒരാൾ തന്നെ ആയതിനാലാണ് ഇത് സാധ്യമായത്. ലൈഫ് മിഷൻ മുഴുവൻ സമയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചുമതല ഏറ്റെടുത്തിട്ടുണ്ട്. മിഷന് പുതിയ സി.ഇ.ഒ.യെ നിയമിച്ച സാഹചര്യത്തിൽ സി.ഇ.ഒ.യുടെ പേരിൽ ബാങ്ക് / ട്രഷറി അക്കൗണ്ട് ആരംഭിക്കാവുന്നതാണ് എന്നും യോഗം ചർച്ച ചെയ്തു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

### തീരുമാനങ്ങൾ

ലൈഫ് മിഷന്റെയും, സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെയും തീരുമാനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവുകൾ വളരെ വേഗത്തിൽ പുറപ്പെടുവിക്കേണ്ടതുണ്ട്.അത്യാവശ്യമാണ് എന്ന് യോഗം വിലയിരുത്തി. ആയതിലേക്കായി താഴെ പറയുന്ന നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു

തീരുമാനം

1. ലൈഫ് മിഷന്, സംസ്ഥാനതല എംപവേർഡ് കമ്മിറ്റി എന്നീ സമിതികൾ കൈക്കൊള്ളുന്ന തീരുമാനങ്ങളിന്മേൽ വേഗത്തിൽ നടപടികൾ പൂർത്തിയാക്കാൻ ലൈഫ് മിഷൻ സി.ഇ.ഒ.യ്ക്ക് Ex-officio Deputy Secretary-യുടെ പദവി നല്കാൻ തീരുമാനിച്ചു.

അജണ്ട 8 : അധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ

തീരുമാനം

1. ലൈഫ് മിഷൻറെ സാമ്പത്തിക മോഡൽ , convergence, standardization എന്നിവ ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് പ്ലാനിംഗ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സെക്രട്ടറിമാർ സി.ഇ.ഒ ലൈഫ് മിഷൻ എന്നിവർ ഉൾപ്പെട്ട

സമിതിയെ ചുമതലപ്പെടുത്തി. ലൈഫ് മിഷൻ സി.ഇ.ഒ ഈ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും.

2. ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്കായി സി.എസ്സ് ആർ ഫണ്ട് കണ്ടെത്തുന്നതിന് സി.എസ്സ് ആർ ഫണ്ട് ലഭ്യമാക്കാൻ സാധ്യതയുള്ള സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ഒരു യോഗം വിളിച്ച ചേർക്കാൻ തീരുമാനിച്ചു.

3. നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന എല്ലാ തരം സ്ഥാപനങ്ങളുമായും ചർച്ച നടത്തി അവരുടെ സഹകരണം ലൈഫ് മിഷന് ലഭ്യമാക്കാൻ തീരുമാനിച്ചു.

*********************

## ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 05.04.2017-ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിന്റെ മിനിട്സ്

സമ്പൂർണ്ണ പാർപ്പിട ദൗത്യം - ലൈഫ് മിഷന്റെ രണ്ടാം യോഗം 05.04.2017-ന് ഉച്ചക്ക് 12 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത മറ്റ് അംഗങ്ങളുടെ പേര് വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

**അജണ്ട : 1**

**07.02.2017-ലെ യോഗ തീരുമാനങ്ങൾ അംഗീകരിക്കൽ**

07.02.2017-ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷൻ സമ്പൂർണ്ണ യോഗത്തിന്റെ മിനിട്സ് അംഗീകരിക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

**തീരുമാനം**

07.02.2017-ൽ കൂടിയ ലൈഫ് മിഷൻ സമ്പൂർണ്ണ യോഗത്തിന്റെ മിനിട്സ് അംഗീകരിച്ചു.

അജണ്ട : 2

മുൻ യോഗ തീരുമാനങ്ങളിന്മേൽ ഉള്ള നടപടികളുടെ പുരോഗതി

(a.) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ

ലൈഫ് മിഷന് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള സർവ്വേ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൂർത്തീകരിച്ചതായും 941 പഞ്ചായത്തുകളിലും 93 നഗരസഭകളിലുമായി 12,29,038 കുടുംബങ്ങളെ സർവ്വേ ചെയ്തതായും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. സർവ്വേയുടെ വിശദവിവരങ്ങൾ അനുബന്ധം – 2 ആയി ചേർത്തിരിക്കുന്നു.

ഒരു റേഷൻ കാർഡ് ഒരു കുടുംബമായി പരിഗണിച്ച് ആനുകൂല്യം നൽകാമോ എന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു . ഗുണഭോക്തൃ പട്ടികയിൽ നിന്നും അർഹരായ ഒരു കുടുംബം പോലും ഒഴിവാക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും എന്നാൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് കർശനമായി പരിശോധിക്കേണ്ടതുമാണെന്ന് ബഹു: മുഖ്യമന്ത്രി നിർദ്ദേശിച്ചു.

തീരുമാനം

1. ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബത്തിന് ഒരു ഭവനം എന്ന രീതിയിൽ, റേഷൻ കാർഡിനെ, ആനുകൂല്യം നൽകുന്നതിനുള്ള അടിസ്ഥാന യൂണിറ്റ് ആയി തിരഞ്ഞെടുക്കാൻ തീരുമാനിച്ചു.

2. അന്തിമ പട്ടികയിൽ ഒരു കാരണവശാലും അനർഹർ ഇടം പിടിക്കാൻ പാടില്ല എന്നും ആയത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറി ഉറപ്പ് വരുത്തണം എന്നും തീരുമാനിച്ചു.

(b.) <u>സർവ്വേ വിവരങ്ങളുടെ ഡാറ്റാ എൻട്രി</u>

സർവ്വേ വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്യുന്നതിനായി കുടുംബശ്രീയുടെ **63** ഐ.ടി. യൂണിറ്റുകളെ ചുമതലപ്പെടുത്തിയിരുന്നുവെന്നും **03.04.2017** വരെ **542398** കുടുംബങ്ങളുടെ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഐ. ടി. യൂണിറ്റുകളിലെ **340** കമ്പ്യൂട്ടറുകൾ കൂടാതെ **1000**-ത്തോളം കമ്പ്യൂട്ടറുകൾ വാടകയ്ക്കെടുത്താണ് ഡാറ്റാ എൻട്രി നടത്തുന്നത്. ഡാറ്റാ എൻട്രി നടത്തുന്നതിനും ഡാറ്റാ എൻട്രി ചെയ്ത വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും പ്രത്യേകം സോഫ്റ്റ്‌വെയർ കുടുംബശ്രീ രൂപപ്പെടുത്തിയിട്ടുണ്ട്. ഡാറ്റാ എൻട്രിയുടെ തത്സമയ വിവരം **'www.urbanhousingmission.com/survey'** എന്ന സൈറ്റിൽ ഓൺലൈൻ ആയി ലഭ്യമാണ്. ഡാറ്റാ എൻട്രി പൂർത്തിയാക്കിയ കുടുംബങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം – **3** ആയി ചേർത്തിരിക്കുന്നു.

## (c.) സർവ്വേ വിവരങ്ങളുടെ വെരിഫിക്കേഷൻ

കുടുംബശ്രീ എ.ഡി.എസ്. അംഗങ്ങൾ നേരിട്ട് കണ്ടെത്തിയ ഭൂരഹിതരുടെയും ഭൂരഹിത–ഭവനരഹിതരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫീൽഡ്തല ഉദ്യോഗസ്ഥരെ ഉപയോഗിച്ച് 100% വെരിഫിക്കേഷൻ നടത്തുവാൻ തീരുമാനിച്ചിരുന്ന വിവരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഓർമ്മിപ്പിച്ചു. പ്രസ്തുത കുടുംബങ്ങളുടെ എണ്ണം വളരെ കൂടുതൽ ആയതിനാലും വെരിഫിക്കേഷൻ നടത്തേണ്ട തദ്ദേശസ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ പദ്ധതി നിർവഹണ തിരക്കുകളിൽ ആയിരുന്നതിനാൽ വെരിഫിക്കേഷൻ ഏപ്രിൽ 6 മുതൽ 30 വരെ നടത്തുന്ന വിവരം അറിയിച്ചു.

സർവ്വേ വിവരങ്ങളുടെ വെരിഫിക്കേഷന് വേണ്ടി ജില്ലാതല പരിശീലനം നൽകുന്നതിനായി ഏപ്രിൽ മാസം ഒന്നാം തീയതി സംസ്ഥാനതലത്തിൽ ജില്ലാ പരിശീലകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഏപ്രിൽ 4, 5 തീയതികളിൽ ജില്ലാതല പരിശീലനങ്ങൾ പൂർത്തിയാകും.

ഏപ്രിൽ 30-ന് മുമ്പായി വെരിഫിക്കേഷൻ പൂർത്തിയാക്കുന്നതിനുള്ള തീവ്രശ്രമം നടന്നു വരുന്നു. മെയ് 20-ന് മുമ്പായി ഡാറ്റ എൻട്രി പൂർത്തിയാക്കും.

തീരുമാനം

കുടുംബശ്രീ എ.ഡി.എസ്. അംഗങ്ങൾ നേരിട്ട് കണ്ടെത്തിയ ഭൂരഹിതരുടെയും ഭൂരഹിത-ഭവനരഹിതരുടെയും വിവരങ്ങളുടെ വെരിഫിക്കേഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫീൽഡ്തല ഉദ്യോഗസ്ഥരെ ഉപയോഗിച്ച് ഏപ്രിൽ 30-ന് മുമ്പായി പൂർത്തിയാക്കുവാനും വെരിഫിക്കേഷൻ പൂർത്തിയാക്കിയ കുടുംബങ്ങളുടെ വിവരങ്ങൾ മെയ് 20-ന് മുമ്പായി ഡാറ്റ എൻട്രി പൂർത്തിയാക്കി കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുവാനും തീരുമാനിച്ചു.

അജണ്ട : 3

മുൻഗണന മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച്

ഇപ്പോൾ കണ്ടെത്തിയിട്ടുള്ള 12.29 ലക്ഷം എന്നത് SECC വിവരങ്ങളുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ വളരെ കൂടുതൽ ആണെന്നത് സൂക്ഷ്മ പരിശോധനയുടെ അനിവാര്യത വ്യക്തമാക്കുന്നു. അതുകൊണ്ട് ലിസ്റ്റിൽ പേരുണ്ട് എന്ന കാരണത്താൽ മാത്രം ലൈഫ് ഗുണഭോക്താവാകുകയില്ല എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട് . സൂക്ഷ്മ

പരിശോധന പൂർത്തിയാക്കാൻ സമയമെടുക്കുമെന്നതിനാൽ ആദ്യ ഘട്ടത്തിൽ ലൈഫ് മിഷന്റെ മുൻതീരുമാനപ്രകാരം ചുവടെ ചേർത്തിട്ടുള്ള എട്ട് വിഭാഗങ്ങൾക്ക് പ്രഥമ പരിഗണന നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വിഭാഗം |
|---|---|
| 1 | മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ |
| 2 | അഗതികൾ |
| 3 | അംഗവൈകല്യമുള്ളവർ |
| 4 | ഭിന്നലിംഗക്കാർ |
| 5 | ഗുരുതര മാരകരോഗമുള്ളവർ |
| 6 | അവിവാഹിതരായ അമ്മമാർ |
| 7 | രോഗം/അപകടത്തിൽപ്പെട്ട് ജോലിചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ |
| 8 | വിധവകൾ |

ഡാറ്റാ എന്ട്രി പൂർത്തിയാക്കിയ **542398** കുടുംബങ്ങളിൽ ഒന്നോ അതിലധികമോ ക്ലേശഘടകങ്ങൾ ഉള്ള **37295** കുടുംബങ്ങളുണ്ട്. **Kerala State AIDS Control Society**-ൽ നിന്നും ലഭ്യമായ ലിസ്റ്റ് പ്രകാരം **HIV +ve**

ആയ അംഗങ്ങള് ഉള്ള 1872 ഭൂരഹിത-ഭവനരഹിത കുടുംബങ്ങളും ഉണ്ട്. ടി രണ്ട് വിഭാഗങ്ങൾ ഉൾപ്പെടെ ആകെ 39167 കുടുംബങ്ങളാണ് ഉള്ളതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

| ക്ലേശഘടകങ്ങളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 8 | 0 |
| 7 | 1 |
| 6 | 0 |
| 5 | 4 |
| 4 | 35 |
| 3 | 192 |
| 2 | 2848 |
| 1 | 34215 |
| ക്ലേശഘടകങ്ങൾ ഉള്ള ആകെ കുടുംബങ്ങൾ | 37295 |
| HIV +ve ആയ അംഗങ്ങൾ ഉള്ള കുടുംബങ്ങൾ | 1872 |
| **ആകെ** | **39167** |

മേൽവിവരിച്ച 39167 കുടുംബങ്ങൾക്ക് മുൻഗണന നൽകാവുന്നതാണെന്നും കുടുംബശ്രീ എ.ഡി.എസ്. അംഗങ്ങൾ നേരിട്ട് കണ്ടെത്തിയ ഭൂരഹിതരുടെയും ഭൂരഹിത-ഭവനരഹിതരുടെയും വിവരങ്ങളുടെ വെരിഫിക്കേഷൻ പൂർത്തിയാകുമ്പോൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട മേൽവിവരിച്ച ക്ലേശഘടകങ്ങളിൽ ഒരെണ്ണമെങ്കിലും ഉള്ള കുടുംബങ്ങൾക്കും ഇതേ മുൻഗണന നൽകാവുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

'വിധവകൾ ഉൾപ്പെട്ട കുടുംബം' എന്നത് ഒരു ക്ലേശഘടകമായി പരിഗണിക്കുമ്പോൾ സർവ്വേയിൽ ഏറിയ പങ്കും ഇത്തരം കുടുംബങ്ങൾ ആകാൻ ഇടയുണ്ടെന്നും മറ്റ് മാനദണ്ഡങ്ങൾ കൂടി പരിഗണിച്ചില്ലായെങ്കിൽ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഇക്കൂട്ടരിൽ നിന്ന് അനർഹർ കടന്നു കൂടാൻ ഇടയുണ്ടെന്ന് ബഹു. ധനമന്ത്രി അഭിപ്രായപ്പെട്ടു. ഒഴിവാക്കൽ മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധന പൂർത്തിയാക്കുമ്പോൾ അനർഹർ പൂർണ്ണമായും ഒഴിവാക്കപ്പെടുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. മാത്രമല്ല, SECC സർവ്വേയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റിലുമുള്ള ഭവനരഹിതരുടെ മാത്രം ലിസ്റ്റാണ് ഇതെന്നും അവരിലെ വിധവകളുള്ള കുടുംബങ്ങൾ മാത്രമേ ഇതിൽ വരുന്നുള്ളൂ എന്നും അറിയിച്ചു.

## തീരുമാനങ്ങൾ

1. ഒന്നോ അതിലധികമോ ക്ലേശഘടകങ്ങൾ ഉള്ള കുടുംബങ്ങൾക്കും (റേഷന് കാർഡ് അടിസ്ഥാനത്തിൽ) Kerala State AIDS Control Society-ൽ നിന്നും ലഭ്യമായ ലിസ്റ്റ് പ്രകാരം HIV +ve ആയ അംഗങ്ങൾ ഉള്ള ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും ആദ്യ ഘട്ടത്തിൽ മുൻഗണന നൽകാൻ തീരുമാനിച്ചു.

2. കുടുംബശ്രീ എ.ഡി.എസ്. അംഗങ്ങൾ നേരിട്ട് കണ്ടെത്തിയ ഭൂരഹിതരുടെയും ഭൂരഹിത-ഭവനരഹിതരുടെയും വിവരങ്ങളുടെ 100% വെരിഫിക്കേഷൻ പൂർത്തിയാകുമ്പോൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ഒന്നോ അതിലധികമോ ക്ലേശഘടകങ്ങൾ ഉള്ള കുടുംബങ്ങൾക്കും മുൻഗണന നൽകാൻ തീരുമാനിച്ചു.

3. ടി രണ്ട് വിഭാഗങ്ങളിലെയും കുടുംബങ്ങൾക്ക് അപ്പീൽ കഴിഞ്ഞ് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നതിന് കാത്തു നിൽക്കാതെ അർഹരാണ് എന്ന് ഉറപ്പ് വരുത്തി ഭവന നിർമാണ സഹായം നൽകുവാനും ഇക്കൂട്ടത്തിലെ ഭൂരഹിതരെ ഭവന സമുച്ചയങ്ങളിൽ പുനരധിവസിപ്പിക്കുവാനും തീരുമാനിച്ചു.

അജണ്ട : 4

ഭവന സമുച്ചയങ്ങളുടെ നിർമ്മാണം

സർക്കാരിന്റെ ഒന്നാം വാർഷികത്തിനോടനുബന്ധിച്ച് 2017 മേയ് 25-ന് മുമ്പ് സംസ്ഥാനത്ത് 14 ജില്ലകളിലും ഓരോ ഭവന സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കാനാണ് മിഷൻ ലക്ഷ്യമിടുന്നതെന്നും അവ നിർമ്മിക്കാനായി **12** ജില്ലകളിൽ നിന്ന് **56** പ്ലോട്ടുകളിലായി **88.44** ഏക്കർ ഭൂമി ജില്ലാ കലക്ടർമാർ കണ്ടെത്തിയിട്ടുണ്ടെന്നും ഇതിൽ **74.41** ഏക്കർ ഭൂമി ഭവനസമുച്ചയം നിർമ്മിക്കുന്നതിന് പ്രാഥമിക സൗകര്യങ്ങൾ ഉള്ളവയാണെന്നും അറിയിച്ചു. പ്രസ്തുത ഭൂമികൾ വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അധീനതയിൽ ആയതിനാൽ അവ കൈമാറിക്കിട്ടുന്നതിനും സാങ്കേതികപരമായും നിയമപരമായും ഭവനനിർമ്മാണത്തിന് യോഗ്യമായ ഭൂമിയാണോ എന്ന് പരിശോധിക്കുന്നതിനും ജില്ലാ കലക്ടർമാർ മുഖേന നടപടി സ്വീകരിച്ചു വരികയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. എത്ര നിലയിലുള്ള സമുച്ചയങ്ങളാണ് വേണ്ടത് എന്നത് അതത് പ്രദേശത്തെ ഭവന രഹിതരെ ആശ്രയിച്ചിരിക്കും. ആവശ്യാനുസരണം സമുച്ചയങ്ങളിൽ ലിഫ്റ്റ് ഏർപ്പെടുത്തേണ്ടി വന്നാൽ ആയതിന്റെ സാമ്പത്തിക സാങ്കേതിക വശം പരിശോധിച്ച് യുക്തമായ തീരുമാനം എടുക്കണം എന്നും ചർച്ചയുണ്ടായി .

## തീരുമാനങ്ങൾ

1. വിവിധ വകുപ്പുകളുടെ കൈവശമുള്ള അനുയോജ്യമായ സ്ഥല കണ്ടെത്തുന്നതിനായി എല്ലാ ജില്ലയിലും ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ് മേധാവികളുടെ യോഗം വിളിച്ചു ചേർക്കുന്നതിന് ലൈഫ് മിഷൻ സി.ഇ.ഒ.യെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഇത്തരത്തിൽ കണ്ടെത്തുന്ന സ്ഥലം കെട്ടിട നിർമ്മാണത്തിന് സാങ്കേതികമായും നിയമപരമായും സാമൂഹികമായും അനുയോജ്യമാണെന്ന് ജില്ലാ കലക്ടർ ഉറപ്പു വരുത്തേണ്ടതാണ്.
2. തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമികൾക്ക് പ്രഥമ പരിഗണന നൽകി ഭവന സമുച്ചയങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ ഭൂമികൾ ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് കൈമാറി നൽകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുവാനും തീരുമാനിച്ചു.
3. ഭൂമി ലഭ്യമാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ഭൂരഹിത-ഭവനരഹിതരെയും പുനരധിവസിപ്പിച്ച ശേഷം ഭവന സമുച്ചയങ്ങളിൽ സ്ഥലം ലഭ്യമെങ്കിൽ അയൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് തീരുമാനിച്ചു.

4. ഭവനസമുച്ചയങ്ങളിൽ എത്ര നിലകൾ ആവാം എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഭൂരഹിത-ഭവനരഹിതരുടെ എണ്ണവും സ്ഥലത്തിന്റെ വിലയും പരിഗണിച്ച് തീരുമാനം എടുക്കേണ്ടതാണ്. ആവശ്യമെങ്കിൽ ലിഫ്റ്റുകൾ ഏർപ്പെടുത്തി കൂടുതൽ നിലകളുള്ള സമുച്ചയങ്ങളുടെ നിർമ്മാണവും ഏറ്റെടുക്കാവുന്നതാണ് എന്നും തീരുമാനിച്ചു.
5. ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് തെരഞ്ഞെടുക്കുന്ന ഭൂമിയുടെ കുറഞ്ഞ വിസ്തീർണ്ണം 50 സെന്റ് ആയി നിജപ്പെടുത്തുവാൻ തീരുമാനിച്ചു.
6. വിദ്യാഭ്യാസം, വ്യവസായം എന്നിവയൊഴികെയുള്ള വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഭൂമികൾ മറ്റ് ആവശ്യങ്ങൾക്ക് വാങ്ങിയതാണോ എന്ന് പരിശോധിക്കുവാനും അല്ലാത്ത പക്ഷം അവ ഭവനസമുച്ചയ നിർമ്മാണത്തിനായി ലൈഫ് മിഷന് കൈമാറുന്നതിന് നടപടി സ്വീകരിക്കുവാനും പ്രസ്തുത ഭൂമികളുടെ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് നൽകുവാൻ തീരുമാനിച്ചു.
7. തോട്ടം മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് തോട്ടം മേഖലയിൽത്തന്നെ ഭൂമി കണ്ടെത്തുന്നതിനായും തോട്ടം ഉടമകളുടെ സഹകരണത്തോടെ ഭവനസമുച്ചയങ്ങൾ

നിർമ്മിക്കുന്നതിനുമായി തോട്ടം ഉടമകളുമായി ചർച്ച നടത്തുന്നതിന് തൊഴിൽ വകുപ്പിനെ ചുമതലപ്പെടുത്തി.

8. ആദ്യം നിർമ്മിക്കുന്ന ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിനായി താഴെ പറയുന്ന നടപടിക്രമം പാലിക്കുവാൻ തീരുമാനിച്ചു.

   (a) ഭവനസമുച്ചയം നിർമിക്കുന്നതിനുള്ള കരാറുകാരെ മത്സരാധിഷ്ഠിത e-tender മുഖേന തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചു.

   (b) ഭവനസമുച്ചയ നിർമ്മാണത്തിന്റെ ഭാഗമായി Prefab, Pre-manufactured തുടങ്ങിയ വിവിധ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ദേശീയ അന്തർദേശീയ നിർമ്മാണ കമ്പനികളെയും നിർമ്മാണ കമ്പനികളുടെ സംഘടനകളുടെയും മറ്റ് വിവിധ ഏജൻസികളുടെയും ആർകിടെക്ട്കളുടെയും ഒരു രാജ്യാന്തര വർക്ക് ഷോപ്പ് നടത്തുവാൻ തീരുമാനിച്ചു.

   (c) ആദ്യ ഘട്ടത്തിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ULCCS, CREDAI-യി പോലെയുള്ള ഏജൻസികളുടെ അംഗങ്ങളുടെയും മറ്റ് പ്രമുഖ നിർമ്മാണ കമ്പനികളുടെയും വർക്ക്ഷോപ്പ് സംഘടിപ്പിച്ച് നിശ്ചിത യോഗ്യത ഉള്ളവരെ എംപാനൽ ചെയ്യുന്നതിന്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(d) എല്ലാ ജില്ലയിലും പ്രാദേശിക സാങ്കേതിക വിദ്യയും നിർമ്മാണ സാമഗ്രികളും പരിചയപ്പെടുത്തുന്നതിനായി സംസ്ഥാനത്തും രാജ്യത്തും ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് Building Exhibition നടത്തുവാൻ തീരുമാനിച്ചു. ഇതിനാവശ്യമായ നടപടികൾ ലൈഫ് മിഷൻ സി.ഇ.ഒ. എടുക്കേണ്ടതാണ്.

(e) പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മാണം നടത്തുമ്പോൾ പരമാവധി പ്രാദേശികമായ നിർമ്മാണ യൂണിറ്റുകൾ / നിർമ്മാതാക്കളെ ഉൾക്കൊള്ളിക്കുവാൻ തീരുമാനിച്ചു.

(f) ലൈഫ് പദ്ധതിയിൽ ഗുണഭോക്താവ് ആകുന്ന കുടുംബങ്ങളിലെ അർഹരായ എല്ലാ അംഗങ്ങൾക്കും തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(g) ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയാറാക്കാൻ 2014-ലെ ഡി.എസ്.ആർ. റേറ്റ് ഉപയോഗിക്കുവാൻ തീരുമാനിച്ചു.

9. ഭവന സമുച്ചയങ്ങളുടെ നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകുന്നതിന് ലൈഫ് മിഷന്റെ ഭാഗമായി ഒരു സംസ്ഥാനതല ടി.എസ്. കമ്മിറ്റി താഴെ വിവരിച്ച മാതൃകയിൽ രൂപീകരിക്കുവാൻ തീരുമാനിച്ചു.

- ലൈഫ് മിഷന്റെ ഭാഗമായ ടി. എസ്. കമ്മിറ്റിക്ക് പരിധിയില്ലാതെ ഭവന സമുച്ചയ നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള അധികാരം ഉണ്ടായിരിക്കും
- നാല് പേരടങ്ങുന്ന പ്രസ്തുത കമ്മിറ്റിയിൽ ഒരു Architect-ഉം രണ്ട് സിവിൽ എൻജിനീയർമാരും ഉൾപ്പെടണം. ഒരാൾ M-Tech Structural Engineer ആയിരിക്കണം. (I.I.T.യിൽ നിന്ന് ബിരുദം നേടിയവർക്ക് മുൻഗണന)
- രണ്ട് സിവിൽ എൻജിനീയർമാരിൽ ഒരാൾ തദ്ദേശ സ്വയംഭരണ വകുപ്പിലെയോ മറ്റ് സർവ്വീസിൽ നിന്നോ കുറഞ്ഞ പക്ഷം സൂപ്രണ്ടിംഗ് എൻജിനീയറുടെ പദവിയിൽ എങ്കിലും വിരമിച്ച ആൾ ആയിരിക്കണം.
- മറ്റ് രണ്ട് സിവില് എൻജിനീയർമാർ ഒരു Architect എന്നിവരെ കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് നിന്നും LSGD Engineering Wing എന്നിവിടങ്ങളിൽ നിന്നും വർക്കിംഗ്

അറേഞ്ച്മെന്റ് / ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നവർ ആയിരിക്കണം

**അജണ്ട : 5**

**പൂർത്തീകരിക്കാനുള്ള ഭവനങ്ങളുടെ പൂർത്തീകരണം**

ലൈഫ് മിഷനിലെ പ്രധാനപ്പെട്ട ഒരു ഘടകമാണ് സർക്കാർ ധനസഹായം ലഭിച്ച് പണി ആരംഭിച്ചിട്ട് പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ആദ്യഘട്ടത്തിൽ പ്രധാനമായും താഴെപറയുന്ന പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കളെയാണ് ലൈഫ് പദ്ധതിയിലെ ഈ ഘടകത്തിൽ ലക്ഷ്യമിടുന്നത്.

1. ഇ.എം.എസ് ഭവന പദ്ധതി
2. ജനകീയ ആസൂത്രണ പദ്ധതി
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഭവന പദ്ധതികൾ
4. ആർ.എ.വൈ / ബി.എസ്.യു.പി / ഐ.എച്ച്.എസ്.ഡി.പി
5. വിവിധ ഡിപ്പാർട്ട്മെൻറുകളുടെ ഭവന പദ്ധതികൾ

ഇത്തരത്തിലുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെട്ട് ആനുകൂല്യം ലഭിച്ച് പണി ആരംഭിച്ചിട്ട് പൂർത്തിയാക്കാത്ത ഭവനങ്ങളുടെ ലഭ്യമായ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അവതരിപ്പിച്ചു.

| | | |
|---|---|---|
| **IAY** | - | 10577 |
| **ST** വകുപ്പ് | - | 13440 |
| **IHSDP** | - | 964 |
| **BSUP** | - | 2099 |
| ന്യൂനപക്ഷ ക്ഷേമ വകുപ്പ് | - | 255 |
| ആകെ | - | 27335 |

ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കിയ ഭവന പദ്ധതികളിലെ പൂർത്തിയാകാത്ത ഭവനങ്ങളുടെ വിവരം ഏപ്രിൽ 10-നകം ലഭിക്കുന്നതാണ്.

വിവിധ പദ്ധതികളിൽ ഉൾപ്പെട്ട് ധനസഹായം കൈപ്പറ്റിയ ശേഷം വീട് പണി പൂർത്തിയാക്കാത്തവരും ധനസഹായം പൂർണ്ണമായും ലഭ്യമാകാത്തതിനാൽ വീട് പണി പൂർത്തിയാക്കാൻ കഴിയാത്തവരുമാണ് ഈയിനത്തിൽ ഉള്ളതെന്നും ഈ വീടുകൾ പൂർത്തീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കണമെന്നും ബഹു. ധനമന്ത്രി പറഞ്ഞു.

ജനകീയ പങ്കാളിത്തത്തോടെ പ്രാദേശികമായ സാമ്പത്തിക സഹായങ്ങൾ സ്വീകരിച്ച് ഇത്തരം വീടുകൾ പൂർത്തീകരിക്കുന്നതിന് ഒരു ജനകീയ മുന്നേറ്റം ഉണ്ടാവണമെന്നും അതിന് ജില്ലാ കലക്ടർമാർ മുൻകൈ എടുക്കണമെന്നും ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

<u>തീരുമാനങ്ങൾ</u>

**1.** പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് പ്രാദേശികമായി വിഭവ സമാഹരണം നടത്തി സംഭാവനകൾ സ്വീകരിച്ച്, നിർമ്മാണം പൂർത്തിയാക്കാനും, കഴിയുന്ന പക്ഷം ഒരു കൂട്ടം ഭവനങ്ങളുടെ

പൂർത്തീകരണം താത്പര്യമുള്ള ഏജൻസികളുടെ സഹകരണത്തോടെ സൗജന്യമായി പൂർത്തീകരിക്കുവാനും തീരുമാനിച്ചു. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച ഈ മാതൃക മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പിന്തുടരാവുന്നതാണ്. ഈ നടപടി ജില്ലാ തലത്തിൽ എകോപിപ്പിക്കുന്നതിനായി ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തി.

2. നിർമ്മാണം പൂർത്തിയാക്കുന്നതിന് ആനുകൂല്യം നൽകുന്നതിനായി ഭാഗിക നിർമ്മാണം നടത്തിയ ഭവനങ്ങളുടെ പരമാവധി വിസ്തീർണ്ണം 600 ചതുരശ്ര അടിയായി നിജപ്പെടുത്തുവാൻ തീരുമാനിച്ചു. കൂടാതെ, ഏതെങ്കിലും പദ്ധതിയിൽ തറവിസ്തീർണ്ണം 600 ചതുരശ്ര അടിക്ക് മുകളിൽ അനുവദിച്ചിട്ടുള്ള പക്ഷം പ്രസ്തുത തറവിസ്തീർണ്ണത്തിൽ ഭവനം നിർമ്മിച്ച് തുടങ്ങിയവർക്കും ആനുകൂല്യം നൽകാൻ തീരുമാനിച്ചു.

3. ഭവന നിർമ്മാണം തുടങ്ങി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും വിശദ കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും അതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചു.

4. TPTA-യുടെ പങ്കാളിത്തം ഉറപ്പ് വരുത്തി, പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കുന്നതിന് എസ്റ്റിമേറ്റ്, സാങ്കേതിക ഓഡിറ്റ് എന്നിവ തയ്യാറാക്കി, അവ പരിഗണിച്ച് യൂണിറ്റ് നിരക്കിന് ആനുപാതികമായി തുക നൽകുന്നതിന് തീരുമാനിച്ചു.

5. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് നൽകുന്ന ധനസഹായം പൊതു വിഭാഗത്തിന് 3.5 ലക്ഷം രൂപയും

പട്ടികജാതി വിഭാഗം, തോട്ടം-മത്സ്യബന്ധനമേഖലയിൽ ഉള്ളവർക്കും 4 ലക്ഷം രൂപയും ആയി നിജപ്പെടുത്തുവാൻ തീരുമാനിച്ചു. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മുൻതീരുമാന പ്രകാരം യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിക്കുവാനും തീരുമാനിച്ചു.

6. ബ്ലോക്കടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതിയിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലോ ഉൾപ്പെടുത്തി ഭവന നിർമ്മാണ സാമഗ്രികൾ പ്രാദേശികമായി നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു.

7. ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്കായി പ്രാദേശികമായ സംഭാവനകളും മറ്റു CSR ഫണ്ടുകളും സ്വീകരിക്കുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തി. പ്രാദേശികമായ സംഭാവനകൾ ജില്ലാ അടിസ്ഥാനത്തിൽ ശേഖരിക്കുന്നതിനായി ഊർജിതമായ ശ്രമം നടത്തുന്നതിന് ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തി. സംഭാവന നൽകുന്നവർക്ക് നികുതിയിളവ് നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ലൈഫ് മിഷൻ സി.ഇ.ഒ.-യെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

8. ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്കായി വിദേശത്ത് നിന്ന് സംഭാവനകൾ ലഭ്യമായാൽ സ്വീകരിക്കുന്നതിന് ധനകാര്യ അഡീഷണൽ

ചീഫ് സെക്രട്ടറിയുടെ പേരിൽ നിലവിലുള്ള അക്കൗണ്ട് ഉപയോഗിക്കുവാൻ തീരുമാനിച്ചു.

## അജണ്ട : 6

## നിലവിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികളുടെ സംയോജനം

നഗരങ്ങളിൽ പി.എം.എ.വൈ (അർബൻ)-നിൽ 25,654 വീടുകൾക്ക് 2016-17 വർഷത്തിൽ അംഗീകാരം ലഭിക്കുകയും 2000 വീടുകളുടെ പണി തുടങ്ങുകയും ചെയ്തതായും പി.എം.എ.വൈ (റൂറൽ) പദ്ധതിയിൽ 32000 വീടുകൾക്ക് 2016-17 വർഷത്തിൽ അംഗീകാരം ലഭിച്ചതായും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. നടപ്പുവർഷം ലൈഫിൽ ടി പദ്ധതികൾ സംയോജിപ്പിക്കുമ്പോൾ, രണ്ട് പദ്ധതികളിലെയും യൂണിറ്റ് നിരക്കിൽ വ്യത്യാസം ഉണ്ടാകുന്നു.

PMAY നഗരവും ഗ്രാമവും സംയോജിപ്പിക്കുമ്പോൾ ജനറൽ വിഭാഗത്തിന് യഥാക്രമം ഒരു ലക്ഷം രൂപയുടെയും 2,30,000 രൂപയുടെയും വ്യത്യാസം ഉണ്ടാകുന്നതായും മറ്റ് വിഭാഗങ്ങൾക്ക് യഥാക്രമം 1,50,000 രൂപയും 2,80,000 രൂപയുടെയും വ്യത്യാസം ഉണ്ടാവുന്നതാണ്.

പ്രസ്തുത പദ്ധതികൾ ലൈഫുമായി സംയോജിപ്പിക്കുമ്പോൾ വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികളിൽ നൽകുന്ന

യൂണിറ്റ് കോസ്റ്റും ലൈഫ് മിഷൻ മുഖേന നൽകുവാൻ തീരുമാനിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റും തമ്മിലുള്ള വ്യത്യാസം എകീകരിക്കാത്ത പക്ഷം പദ്ധതിയിലെ ഗുണഭോക്താക്കൾ പലരും പിന്മാറുന്നതിന് സാധ്യതയുണ്ട് എന്നും അഭിപ്രായം പ്രകടിപ്പിക്കപ്പെട്ടു.

തീരുമാനങ്ങൾ

1. വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന PMAY പോലുള്ള ഭവന നിർമ്മാണ പദ്ധതികളിൽ നൽകുന്ന യൂണിറ്റ് കോസ്റ്റും ലൈഫ് മിഷൻ മുഖേന നൽകുവാൻ തീരുമാനിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റും തമ്മിലുള്ള വ്യത്യാസം ഏകീകരിക്കുന്നതിനും അധികം വകയിരുത്തുന്ന ബാക്കി തുക ലൈഫ് മിഷനിൽ നിന്ന് നൽകുവാനും തീരുമാനിച്ചു.
2. ലൈഫ് മിഷന്റെ ധനസമാഹരണത്തിന് സംസ്ഥാന സർക്കാർ ഒന്നാകെ വായ്പ എടുക്കുന്നതിന് തീരുമാനിച്ചു. ആയതിനുള്ള തുടർ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.
3. പ്രസ്തുത വായ്പയുടെ മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിന്റെ 25%-ത്തിൽ അധികരിക്കാതെ ഓരോ വർഷവും തിരിച്ച് പിടിക്കുവാനും പലിശ പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുന്നതിനും തീരുമാനിച്ചു.

4. ഗ്രാമപഞ്ചായത്ത് തലത്തിലെ വായ്പാ തിരിച്ചടവ് 40:35:25 എന്ന അനുപാതത്തിൽ യഥാക്രമം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവരുടെ വികസന ഫണ്ട് / ധനകാര്യ കമ്മീഷൻ വിഹിതം എന്നിവയിൽ നിന്ന് വകയിരുത്തുന്നതിനും തീരുമാനിച്ചു.
5. ജില്ലാ തലത്തിൽ ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള തുക സ്വരൂപിക്കുന്നതിനും സംഭാവനകൾ സ്വീകരിക്കുന്നതിനും ഒരു പ്രത്യേക യജ്ഞം നടത്താൻ തീരുമാനിച്ചു.
6. ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ അവതരിപ്പിച്ച് കേന്ദ്ര സർക്കാരിന്റെ ധനസഹായം കൂടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു.

യോഗം 1 മണിക്ക് അവസാനിച്ചു.

അനുബന്ധം – 1

## യോഗത്തിൽ പങ്കെടുത്തവർ

1. ബഹു : ഡോ : കെ.റ്റി. ജലീൽ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി.

2. ബഹു : ഡോ :റ്റി.എം. തോമസ് ഐസക്, ധനവകുപ്പ് മന്ത്രി.

3. ബഹു : ശ്രീ. എ.കെ. ബാലൻ, എസ്. സി. / എസ്. റ്റി, നിയമ വകുപ്പ് മന്ത്രി.

4. ബഹു : ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ, ആരോഗ്യം, കുടുംബ ക്ഷേമം, സാമൂഹ്യ നീതി വകുപ്പ് മന്ത്രി.

5. ബഹു : ശ്രീ. മാത്യൂ ടി. തോമസ്, ജല വിഭവ വകുപ്പ് മന്ത്രി

6. ബഹു : ശ്രീമതി. നളിനി നെറ്റോ, ചീഫ് സെക്രട്ടറി.

7. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിൽ നൈപുണ്യ വകുപ്പ്

8. ശ്രീ. ജയിംസ് വർഗ്ഗീസ്, അഡീഷണൽ ചീഫ് സെക്രട്ടറി, മത്സ്യ ബന്ധന തുറമുഖ വകുപ്പ്

9. ശ്രീ. പി.എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്

10. ശ്രീ. ടി.കെ.ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

11. ശ്രീ. റ്റി. ആർ. മീണ, പ്രിൻസിപ്പൽ സെക്രട്ടറി, ധനവകുപ്പ് (Expenditure)

12. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി വികസന വകുപ്പ്.

13. ശ്രീ. ബി. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

14. ശ്രീ. സി.എസ്. രഞ്ജിത്ത്, ബഹു. മുഖ്യമന്ത്രിയുടെ വികസന ഉപദേഷ്ടാവ്

15. ശ്രീമതി. ഉഷ ടൈറ്റസ്, സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്.

16. ശ്രീ. എം. ശിവശങ്കർ, ബഹു. മുഖ്യമന്ത്രിയുടെ സെക്രട്ടറി & ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി

17. ശ്രീമതി. ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്

18. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

19. ശ്രീ. വി.കെ. ബേബി, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

20. ശ്രീ. എസ്. ഹരി കിഷോർ, സി.ഇ.ഒ. ലൈഫ് മിഷൻ & എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ.

21. ശ്രീ. കെ. പി. അനിൽ, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

22. ശ്രീ. വി.എസ്. സന്തോഷ്കുമാർ, എ.ഡി.ഡി.സി., ഗ്രാമവികസന വകുപ്പ്.

23. ശ്രീ. ജി. അനിൽ, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

24. ശ്രീ. എം. അജിത്ത്കുമാർ, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത്

25. ശ്രീമതി. ഗീത. സി, അഡീഷണൽ സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്

****************************

ബഹു : മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.02.2017- ൽ കൂടിയ

ലൈഫ് മിഷൻ യോഗത്തിന്റെ മിനിട്ട്സ്

സമ്പൂർണ്ണ പാർപ്പിട ദൗത്യം – ലൈഫ് മിഷന്റെ ആദ്യ യോഗം 07.02.2017 രാവിലെ 11 മണിക്ക് ബഹു : മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ പേര് വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

ലൈഫ് മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ ആമുഖമായി ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി വിശദീകരിച്ചു

അജണ്ട : 1.

ലൈഫ് മിഷൻ - ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ

ലൈഫ് പദ്ധതിയുടെ വിവരവ്യാപനത്തിനായി 'www.lifemission.lsgkerala.gov.in' എന്ന പേരിൽ വെബ് സൈറ്റ് ആരംഭിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ സർവ്വേക്കായി നിലവിൽ കേന്ദ്ര സർക്കാർ 2011-ൽ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ കണ്ടെത്തിയ ഭൂരഹിത – ഭവന രഹിതരുടെ ലിസ്റ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പക്കലുള്ള ലിസ്റ്റ് എന്നിവയാണ് ഉപയോഗിക്കാൻ തീരുമാനിച്ചിരുന്നത്. ഭവനരഹിതരുടെ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ട സൂചക പട്ടിക (സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ കണ്ടെത്തിയ ഭൂരഹിത – ഭവന രഹിതരുടെ ലിസ്റ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പക്കലുള്ള ലിസ്റ്റ്) 90%-ത്തോളം ലഭ്യമായിട്ടുണ്ടെന്നും ആയത് പ്രകാരം 601331 പേർ പട്ടികയിൽ ഉണ്ടെന്നും ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ്

മന്ത്രി പറഞ്ഞു. സാമൂഹ്യക്ഷേമ വകുപ്പ് നടത്തിയ അംഗ പരിമിതരുടെ സർവ്വേയിൽ ലഭ്യമായ ഭവനരഹിതരുടെ ലിസ്റ്റ്, ജില്ലാ കളക്ടർമാരുടെ പക്കലുള്ള നിരാലംബരുടെ ലിസ്റ്റ് എന്നിവ കൂടി സർവ്വേയിൽ പരിഗണിക്കണമെന്ന് നിർദ്ദേശം ഉയർന്നു.

സർവ്വേ നടത്തിപ്പിനായി 4 തരത്തിലുള്ള ഫോറങ്ങൾ വ്യത്യസ്ത നിറങ്ങളിൽ തയ്യാറായിട്ടുണ്ട്. ഒന്നാമത്തെ ഫോറം – ഭൂരഹിത – ഭവന രഹിതരുടെ ലഭ്യമായ ലിസ്റ്റ് സർവ്വേ നടത്തുന്നതിനുള്ളതും രണ്ടാമത്തെ ഫോറം ഭൂരഹിതരുടെ ലിസ്റ്റ് സർവ്വേ നടത്തുന്നതിനുള്ളതുമാണ്. ഭൂരഹിത ഭവനരഹിത ലിസ്റ്റുകളിൽ ഒന്നും ഉൾപ്പെട്ടിട്ടില്ലാത്ത ഭൂരഹിതരെയും ഭവന രഹിതരെയും കുടുംബശ്രീ പ്രവർത്തകര് നേരിൽ കണ്ടെത്തി സർവ്വേ നടത്തുന്നതിനായുള്ള ഫോമുകളാണ് ഫോറം 3-ഉം ഫോറം 4-ഉം.

സർവ്വേ നടത്തിപ്പിനായി സംസ്ഥാനതല മാസ്റ്റർ ട്രെയിനർമാർക്കുള്ള പരിശീലനം 23.01.2017, 04.02.2017 തീയതികളിൽ നൽകിയിട്ടുള്ളതാണ്. ഒരു ഗ്രാമ പഞ്ചായത്തിൽ നിന്നും രണ്ട് വീതം മാസ്റ്റര് ട്രെയിനർമാരെ കണ്ടെത്തി അവർക്കുള്ള ജില്ലാതല പരിശീലനം ഫെബ്രുവരി 3-ന് നടത്തുന്നതാണ്. അതിന ശേഷം, സർവ്വേ നടത്തുന്ന കുടുംബശ്രീ പ്രവർത്തകരുടെ പരിശീലനം ഫെബ്രുവരി 15, 16 തീയതികളിൽ നടത്തുന്നതാണ്. ഫെബ്രുവരി 18, 19 തീയതികളാണ് സർവ്വേ നടത്തുന്നതിനായി നിശ്ചയിച്ചിട്ടുള്ളത്. സർവ്വേ വിവരങ്ങളുടെ ഡാറ്റ എൻട്രി ഫെബ്രുവരി 28-ന് മുമ്പ് പൂർത്തിയാക്കി മാർച്ച് 4-ാം തീയതി കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. ലിസ്റ്റിന്മേലുള്ള ഒന്നാം അപ്പീൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകാവുന്നതും വീണ്ടും പ്രസിദ്ധീകരിക്കുന്ന രണ്ടാം കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപം ജില്ലാതല അപ്പീൽ കമ്മിറ്റിക്കും നൽകാവുന്നതാണ്. രണ്ടാം അപ്പീൽ കൂടി പരിഗണിച്ച്

ഏപ്രില് 10-ാം തീയതി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണെന്നും യോഗത്തില് ധാരണയായി.

സർവ്വേ ഫോറത്തില് ആവശ്യമായ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തിയാൽ പോരെ എന്ന് ബഹു: ധനമന്ത്രി യോഗത്തിൽ സംശയം പ്രകടിപ്പിച്ചു. എന്നാൽ, കുടുംബാംഗങ്ങളുടെ ക്ലേശഘടകങ്ങൾ മനസ്സിലാക്കി മുൻഗണനാക്രമം നിശ്ചയിക്കുന്നതിനും, ടി കുടുംബത്തിൽ ഉൾപ്പെടുന്ന കുട്ടികളുടെ വിദ്യാഭ്യാസം, യുവജനങ്ങൾക്കുള്ള തൊഴില് സാധ്യതകൾ നൈപുണ്യ പരിശീലനം, മുതിർന്നവര് / വൃദ്ധർക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കാനാകുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പല് സെക്രട്ടറി അറിയിച്ചു. സാമൂഹ്യ നീതി വകുപ്പിന്റെ പക്കലുള്ള വികലാംഗ സർവ്വേ ലിസ്റ്റും സർവ്വേക്കായി പരിഗണിക്കാവുന്നതാണ് എന്ന് ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം യോഗം അംഗീകരിച്ചു.

ഭവനസമുച്ചയങ്ങൾ /ക്ലസ്റ്ററുകള് നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിരുന്നു. നിലവിൽ അഞ്ച് ജില്ലകളിൽ നിന്നും ഭൂമിയുടെ ലഭ്യത അറിയിച്ചു കൊണ്ടുള്ള റിപ്പോർട്ട് ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പല് സെക്രട്ടറി യോഗത്തെ അറിയിച്ചു. വസ്തുവിന്റെ വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

തീരുമാനങ്ങൾ :

1) ലൈഫ് മിഷനുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച എല്ലാ നടപടികളും അംഗീകരിച്ചു.

2) ലൈഫ് മിഷൻ പദ്ധതിയുടെ സർവ്വേക്കായി റവന്യൂ വകുപ്പിന്റെ പക്കലുള്ള ലിസ്റ്റും, ജില്ലാ കളക്ടർമാരുടെ പക്കലുള്ള നിരാലംബരുടെ ലിസ്റ്റും, സാമൂഹ്യനീതി വകുപ്പിന്റെ പക്കലുള്ള വികലാംഗരുടെ ലിസ്റ്റും ഉൾപ്പെടുത്താന് തീരുമാനിച്ചു. ലഭ്യമാകുന്ന പക്ഷം പട്ടികജാതി / പട്ടികവർഗ്ഗ / ഫിഷറീസ് വകുപ്പിന്റെ പക്കലുള്ള ഭവനരഹിതരുടെ പട്ടികകളും പരിഗണിക്കാൻ തീരുമാനിച്ചു.

3) സർവ്വേ നടത്തി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം അർഹരായ മുഴുവന് ഗുണഭോക്താക്കളുടെയും നിലവിലുള്ള വാസസ്ഥലങ്ങളുടെ ഫോട്ടോ എടുക്കുന്നതിനും ഓരോ ഗുണഭോക്താവിനും അനുവദിക്കുന്ന ഭവനങ്ങളുടെ ഓരോ ഘട്ടത്തിലും ഫോട്ടോ എടുക്കുവാനും തീരുമാനിച്ചു.

അജണ്ട : 2

ധനസമാഹരണം

ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്കായി 16730 കോടി രൂപ സംസ്ഥാന സർക്കാര് കണ്ടെത്തേണ്ടി വരുമെന്ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അറിയിച്ചു.

നിലവിൽ ലൈഫ് മിഷന് വേണ്ടി 2217-05-051-99 (അർബന്), 2515-0[illegible]-[illegible]51-99 (റൂറൽ) എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകൾ തുടങ്ങിയിട്ടുണ്ട്.

ഇ.എം.എസ്. ഭവന പദ്ധതി മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള് വായ്പ എടുക്കുന്നതിനും, മറ്റ് വകുപ്പുകൾ നിർവ്വഹണം നടത്തുന്ന ഭവന പദ്ധതികളുടെ തുക ലൈഫ് മിഷൻ ഫണ്ടിന്റെ ഭാഗമാക്കുന്നതിനെ സംബന്ധിച്ചും വിശദമായ ചർച്ച നടന്നു.

മിഷൻ പ്രവർത്തനത്തിനാവശ്യമായ മുഴുവന് തുകയും വായ്പ എടുക്കേണ്ട ആവശ്യമില്ലായെന്നും ഇതര ധനസ്രോതസ്സുകൾ കൂടി കണ്ടെത്തണമെന്നും ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു. ലൈഫ് മിഷന്റെ മുഴുവന് തുകയും തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളും കണ്ടെത്തണമെന്നും, അവർ ഒരു വിഹിതം മാത്രം കണ്ടെത്തിയാല് മതിയാകും എന്നും മുഖ്യമന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് പരിശോധിച്ചാൽ ഓരോ പഞ്ചായത്തിന്റെയും അടുത്ത 5 വർഷത്തെ വരുമാനവും സാമ്പത്തിക സ്ഥിതിയും മനസ്സിലാക്കാമെന്നും, അതിനു ശേഷം മാത്രം അവർ എടുക്കേണ്ട വായ്പ സംബന്ധിച്ച് തീരുമാനിക്കുന്നതായിരിക്കും ഉചിതം എന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. മാത്രമല്ല വലിയ തുക ഗ്രാമ പഞ്ചായത്തുകൾക്ക് ലോൺ എടുക്കേണ്ടി വരികയാണെങ്കില് അവർക്കത് തിരിച്ചടയ്ക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുമെന്നും ഭാവിയിൽ ലോൺ തിരിച്ചടവിനുള്ള തുക പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടി വരുന്നത് അവരുടെ പദ്ധതി പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാനും സാധ്യതയുണ്ട് എന്ന് ധനകാര്യ മന്ത്രി അറിയിച്ചു.

വീടിന്റെ യൂണിറ്റ് കോസ്റ്റ് വിവിധ വകുപ്പുകാർക്ക് 3 ലക്ഷം, 4 ലക്ഷം എന്ന് വ്യത്യാസപ്പെടുത്തുന്നത് പരാതിക്ക് ഇടയാക്കാൻ സാധ്യത ഉണ്ടെന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നു. വീടിന്റെ യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച് നിലവിലെ തീരുമാനം ഭേദഗതി ചെയ്യേണ്ടതുണ്ടോ എന്ന് യോഗം ചർച്ച ചെയ്യുകയും, സർവ്വേ നടത്തി അന്തിമമായി എണ്ണം നിശ്ചയിച്ച ശേഷം യൂണിറ്റ് കോസ്റ്റ് അന്തിമമായി നിശ്ചയിക്കാമെന്ന് തീരുമാനിച്ചു.

തീരുമാനങ്ങൾ

1. മിഷന്റെ പ്രവർത്തനത്തിനാവശ്യമായ തുക വായ്പ മുഖേനയും, വിവിധ വകുപ്പുകളുടെ ഭവന നിർമ്മാണ പദ്ധതികള് ഏകോപിപ്പിച്ചും, CSR ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവ മുഖേന കണ്ടെത്തുന്നതിനും തീരുമാനിച്ചു. വായ്പ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതി തുകയ്ക്ക് ആനുപാതികമായി

എടുക്കേണ്ടതാണ് തുകയ്ക്ക് ആനുപാതികമായി എടുക്കേണ്ടതാണ് എന്നും ആവശ്യമായി എന്നും അത്യാവശ്യമായി വരുന്ന ബാക്കി തുക സംസ്ഥാന സർക്കാര് നേരിട്ട് കണ്ടെത്തുന്നതാണ് എന്നും തീരുമാനിച്ചു. വായ്പ എടുക്കേണ്ട തുക സംബന്ധിച്ച വിവരം സർവ്വേ നടത്തി ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തിയ ശേഷം തീരുമാനിക്കുന്നതാണ്.

2 വീടിന്റെ യൂണിറ്റ് കോസ്റ്റ് സംബന്ധിച്ച് സർവ്വേ നടത്തി അന്തിമ ലിസ്റ്റ് ലഭിച്ച ശേഷം തീരുമാനം കൈക്കൊള്ളാമെന്ന് തീരുമാനിച്ചു.

അജണ്ട : 3

പ്രവർത്തന കലണ്ടർ

1. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സമയബന്ധിതമായി പരിശോധന നടത്തേണ്ട ആവശ്യകത ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ആമുഖമായി പറഞ്ഞു. ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച് തയ്യാറാക്കിയ പ്രവർത്തന കലണ്ടർ അദ്ദേഹം അവതരിപ്പിച്ചു. മിഷൻ കണ്ടെത്തുന്ന ഗുണഭോക്താക്കളെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിക്കേണ്ടതാണെന്നും ആയതിന് പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണെന്നും പറഞ്ഞു. അത്തരത്തിൽ വാർഡ് സഭ / ഗ്രാമസഭ അംഗീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക 31.05.2017 ന് മുമ്പ് അംഗീകരിച്ച് പ്രസിദ്ധീകരിക്കണമെന്നും ബഹു. മന്ത്രി അറിയിച്ചു. പ്രവർത്തന കലണ്ടർ അനുബന്ധം 3 ആയി ചേർക്കുന്നു.

തീരുമാനം

2. സർവ്വേ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹു : തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അവതരിപ്പിച്ച പ്രവർത്തന കലണ്ടർ യോഗം അംഗീകരിച്ചു

3. ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെയും അതിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് ഗ്രാമവികസന കമ്മീഷണർ, ജില്ലാ കളക്ടർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെയും ചുമതലപ്പെടുത്തി തീരുമാനിച്ചു.
4. അന്തിമ പട്ടിക 31.05.2017 ന് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.

അജണ്ട 4

വിവിധ വകുപ്പുകളുടെ സംയോജനം

നിലവിൽ പട്ടികജാതി, പട്ടിക വർഗ്ഗം, ഫിഷറീസ് വകുപ്പുകൾ ആണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമെ ഭവന പദ്ധതികൾ നടപ്പിലാക്കുന്നത്. ടി വകുപ്പുകളുടെ പദ്ധതി നടത്തിപ്പിനും ലൈഫ് മിഷൻ സർവ്വേ വഴി കണ്ടെത്തുന്ന ഗുണഭോക്താക്കളെ പരിഗണിക്കുന്നത് യോഗം ചർച്ച ചെയ്യുകയും, സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടത്തുന്ന ഭവന നിർമ്മാണ പദ്ധതികൾക്കായി ലൈഫ് മിഷൻ സർവ്വേയിൽ കണ്ടെത്തുന്ന ഗുണഭോക്തൃ ലിസ്റ്റായിരിക്കും പരിഗണിക്കേണ്ടത് എന്ന് യോഗം അഭിപ്രായപ്പെട്ടു.

തീരുമാനം

1. വിവിധ വകുപ്പുകളുടെ ഭവനപദ്ധതികളുടെ സംയോജനത്തിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.
2. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്ക് ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റ് ഉപയോഗിക്കുവാന് തീരുമാനിച്ചു

അജണ്ട- 5

അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ

5.1 ഭൂമിയുടെ ലഭ്യത സംബന്ധിച്ച്

നിലവിൽ അഞ്ച് ജില്ലകളിൽ നിന്നും ഭൂമിയുടെ ലഭ്യത അറിയിച്ചു കൊണ്ടുള്ള റിപ്പോർട്ട് ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തെ അറിയിച്ചു. ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള ചെലവ് സർക്കാര് തന്നെ കണ്ടെത്തുന്നതിനുള്ള പൊതു തീരുമാനം ഉണ്ടാകണം എന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. പ്ലാന്റേഷൻ മേഖലയിൽ വീട് നിർമ്മിക്കുമ്പോൾ സർക്കാര് ഭൂമിക്ക് പകരം പ്ലാന്റേഷന് കമ്പനികളുടെ സഹായത്തോടെ അവരുടെ ഭൂമിയിൽ വീട് വയ്ക്കുന്നതിനുള്ള സാധ്യതകൾ ആരായണം എന്ന് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് അഭിപ്രായപ്പെട്ടു. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവയുടെ പ്രത്യേക പരിഗണന ഭവന സമുച്ചയങ്ങളിൽ കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുന്നതിനാകണം എന്ന് ചീഫ് സെക്രട്ടറി യോഗത്തിൽ നിർദ്ദേശിച്ചു

തീരുമാനങ്ങൾ

1. ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിനുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.

2. തോട്ടം മേഖലയിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് തോട്ടം മേഖലയിൽ തന്നെ ഭൂമി ലഭ്യമാക്കുന്നതിന് പ്ലാന്റേഷൻ കമ്പനികളുമായി ചർച്ച നടത്തുന്നതിന് തീരുമാനിച്ചു.

3. കെ.ഡബ്ല്യു.എ., കെ.എസ്.ഇ.ബി. എന്നിവർ ഭവന സമുച്ചയങ്ങളിൽ കുടിവെള്ളം, വൈദ്യുതി എത്തിക്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതാണ്.

## 5.2 വീടിന്റെ വലിപ്പം

വീടിന്റെ വലിപ്പം നിലവിൽ കുറഞ്ഞത് 350 ചതുരശ്ര അടിയും കൂടിയത് 600 ചതുരശ്ര അടിയും എന്നത് പുനഃ പരിശോധിക്കണം എന്ന ആവശ്യം ഉയർന്നു. പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് നൽകുന്ന ഭവനങ്ങളുടെ കുറഞ്ഞ വിസ്തീർണ്ണം 400 ച.അടി ആയിരിക്കണം എന്നും അഭിപ്രായം ഉയർന്നു. സർക്കാര് നിർമ്മിച്ച നൽകുന്ന ഭവന സമുച്ചയങ്ങളുടെ കുറഞ്ഞ വിസ്തീർണ്ണം എത്രയെന്ന് തീരുമാനിക്കേണ്ടതാണ് എന്നും ചർച്ചയുണ്ടായി.

തീരുമാനം :

1. പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് നൽകുന്ന ഭവനങ്ങൾക്ക് കുറഞ്ഞ വിസ്തീർണ്ണം 400 ച.അടി. ആയിരിക്കുന്നതാണ്.

2. സർക്കാര് നിർമ്മിച്ച നൽകുന്ന ഭവന സമുച്ചയങ്ങളുടെ കുറഞ്ഞ വിസ്തീർണ്ണം എത്രയെന്ന് പിന്നീട് തീരുമാനിക്കുന്നതാണ്.

5.3 ഏജൻസികളുടെ സഹായം :

മറ്റ് സംസ്ഥാനങ്ങളിൽ വിവിധ ഏജൻസികൾ കുറഞ്ഞ ചെലവിൽ ഭവന നിർമ്മാണം നടത്തുന്നതായും സർക്കാര് ഇടപെടൽ കാരണം കുറഞ്ഞ നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികള് ലഭിക്കുന്നുവെന്നും ബഹു. പട്ടിക ജാതി വികസന വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. കേരളത്തിലും വിവിധ ഏജൻസികളെ ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കാം എന്നും ലൈഫ് മിഷൻ പ്രവൃത്തികളുടെ ആവശ്യത്തിലേക്കായി കുറഞ്ഞ നിരക്കിൽ സാധന സാമഗ്രികള് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാം എന്നും ബഹു. മുഖ്യ മന്ത്രി അറിയിച്ചു

തീരുമാനം :

1. ഭവനരഹിതർക്ക് കുറഞ്ഞ നിരക്കിൽ ഭവനനിർമ്മാണം നടത്തുന്നതിന് ഏജൻസികളെ കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി

2. ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ഭവന നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് ഉൽപാദകരുമായി ചർച്ച നടത്താൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയെ ചുമതലപ്പെടുത്തി

5.4 ഭവനങ്ങളുടെ ഡിസൈൻ

ഇ.എം.എസ് ഭവന പദ്ധതി നടപ്പിലാക്കിയ അവസരത്തിൽ 10 മുതല് 25 വരെ ഭവനങ്ങളുടെ മാതൃകകൾ തയ്യാറാക്കി പ്രചരണം നടത്തിയത് ഗുണഭോക്താക്കളെ ആകർഷിക്കുന്നതിന് സഹായിച്ചുവെന്നും അത്തരം ഒരു നടപടി ലൈഫ് മിഷനും ഉണ്ടാവണം എന്ന് ചീഫ് സെക്രട്ടറി അറിയിച്ചു. വിവിധ എഞ്ചിനീയറിംഗ്

കോളേജുകളിലെ സേവന തത്പരരായ വിദ്യാർത്ഥികളുടെ സഹായത്തോടെ രണ്ട് ഡസനോളം ഭവനങ്ങളുടെ പ്ലാൻ, എലിവേഷൻ, ത്രിമാന ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കാം എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പല് സെക്രട്ടറി അറിയിച്ചു. സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും മിഷനുമായി സഹകരിക്കുവാൻ സംവിധാനം ഉണ്ടാക്കും എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അറിയിച്ചു

തീരുമാനം :

പദ്ധതി ഗുണഭോക്താക്കൾക്ക് 12 മുതൽ 25 വരെ ഭവന മാതൃകകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ എൻജിനീയറിംഗ് കോളേജുകളെ സഹകരിപ്പിക്കുവാൻ തീരുമാനിച്ചു. ആവശ്യമായ നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്

5.5 മിഷൻ മോണിറ്ററിംഗ്

നിലവിൽ ഗ്രാമവികസന വകുപ്പിൽ നിന്നും മൂന്ന് പേരേയും കുടുംബശ്രീ മിഷനിൽ നിന്ന് രണ്ട് പേരേയും ഉൾക്കൊള്ളിച്ച് മിഷൻ പ്രവർത്തനം നടത്തി വരുന്നു. ആയത് സജീവമാക്കുന്നതിന് കൂടുതൽ വിദഗ്ദ്ധരെ ഉൾക്കൊള്ളിക്കണമെന്ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പറഞ്ഞു.

തീരുമാനം :

ലൈഫ് മിഷൻ സംവിധാനം ഊർജ്ജിതമാക്കുന്നതിന് 10 മുതൽ 12 വരെ അംഗങ്ങളെ ഉൾക്കൊള്ളിച്ച് ഒരു കർമ്മസേന രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

2. എഞ്ചിനീയർമാർ - 4 പേര് (ഹൗസിംഗ് ബോർഡിൽ നിന്ന്)

3. MIS വിദഗ്ധൻ - 1

4. സഹായക ഉദ്യോഗസ്ഥർ - 4 - 6

5. ധനകാര്യ വിദഗ്ദൻ - 1

യോഗം 12 മണിക്ക് അവസാനിച്ചു.

## യോഗത്തിൽ പങ്കെടുത്തവർ

1. ബഹു: ഡോ: കെ.റ്റി. ജലീൽ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

2. ബഹു: ഡോ. റ്റി.എം. തോമസ് ഐസക്, ധന വകുപ്പ് മന്ത്രി

3. ബഹു: ശ്രീ ഇ. ചന്ദ്രശേഖരൻ, റവന്യൂ, എസ്‌സി ഭവന വകുപ്പ് മന്ത്രി

4. ബഹു: ശ്രീ എ.കെ. ബാലൻ, എസ്. സി / എസ്. റ്റി, നിയമ വകുപ്പ് മന്ത്രി

5. ബഹു: ശ്രീമതി കെ.കെ.ശൈലജ ടീച്ചർ, ആരോഗ്യം, കുടുംബ ക്ഷേമം, സാമൂഹ്യ നീതി വകുപ്പ് മന്ത്രി

6. ബഹു: ശ്രീ എം.എം.മണി, വൈദ്യുതി വകുപ്പ് മന്ത്രി

7. ബഹു: ശ്രീ മാത്യു. ടി.തോമസ്, ജലവിഭവ വകുപ്പ് മന്ത്രി

8. ബഹു: ശ്രീ.എസ്.എം. വിജയാനന്ദ്, ചീഫ് സെക്രട്ടറി

9. ശ്രീ വി.കെ. രാമചന്ദ്രൻ, വൈസ് ചെയർമാൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

10. ശ്രീ ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിൽ നൈപുണ്യ വകുപ്പ്

11. ശ്രീ പോൾ ആന്റണി, അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്

12. ശ്രീ വി.എസ്. സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

13. ശ്രീ രാജീവ് സദാനന്ദൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

14. ശ്രീ വി.ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്

15. ശ്രീ പി.എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

16. ശ്രീ ടി.കെ.ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

17. ശ്രീ ബി. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്

18. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി വികസന വകുപ്പ്

19. ശ്രീ ടിക്കാറാം മീണ, പ്രിൻസിപ്പൽ സെക്രട്ടറി, ധനവകുപ്പ് (Expenditure)

20. ശ്രീ ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന തുറമുഖ വകുപ്പ്

21. ശ്രീമതി ഉഷ ടൈറ്റസ്, സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്

22. ശ്രീ എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

23. ശ്രീ ബാലകിരൺ, ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്

24. ഡോ. കെ. വാസുകി, ഡയറക്ടർ, നഗരകാര്യ വകുപ്പ്

25. ഡോ. എസ്. കാർത്തികേയൻ, ഡയറക്ടർ, ഫിഷറീസ് വകുപ്പ്

26. ശ്രീ ടി.പി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

27. ശ്രീമതി കെ.എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, എസ്.റ്റി. വകുപ്പ്

28. ശ്രീ കെ. പി. അനിൽ, പ്രൈവറ്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്

29. ശ്രീ വി.എസ്. ജയകുമാർ, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി, (റവന്യൂ – ഹൗസിംഗ് വകുപ്പ് )

30. ശ്രീ വി.എസ്. സന്തോഷ്കുമാർ, എഡിഡിസി, ഗ്രാമവികസന വകുപ്പ്

അനുബന്ധം 2

ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി അഞ്ച് ജില്ലകളിൽ ലഭ്യമായ ഭൂമിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | താലൂക്ക് | സർവ്വേ നമ്പർ | ഭൂമിയുടെ അളവ് |
|---|---|---|---|---|
| 1 | ആലപ്പുഴ | ചേർത്തല | 138 5-1 | 12.14 ആർ |
| 2 | ആലപ്പുഴ | അമ്പലപ്പുഴ | 130 7 | 30 സെന്റ് |
| 3 | വയനാട് | സുൽത്താൻ ബത്തേരി | 60 pt | 50 സെന്റ് |
| 4 | എറണാകുളം | പറവൂർ | 137 1-2, 186 2 ൽ 431 3 ഉം 186 2 ൽ | 10.72 ഏക്കർ |
| 5 | എറണാകുളം | ആലുവ | 196 4 | 03 ഏക്കർ |
| 6 | എറണാകുളം | ആലുവ | 22 22 | 80.94 ആർ |
| 7 | എറണാകുളം | ആലുവ | 23 14 | 2.525 ഹെക്ടർ |
| 8 | എറണാകുളം | കൊച്ചി | 393 17 | 27.50 ആർ |
| 9 | എറണാകുളം | കോതമംഗലം | 243 9 | 40.04 ആർ |
| 10 | എറണാകുളം | കോതമംഗലം | 223 1.5.4 | 93.89 ആർ |
| 11 | പാലക്കാട് | ചിറ്റൂർ | 16 4 | 0.[illegible]020 ഹെക്ടർ |
| 12 | പാലക്കാട് | ചിറ്റൂർ | 4 4. | 0.1215 ഹെക്ടർ |
| 13 | പാലക്കാട് | ചിറ്റൂർ | 127 3 | 0.1214 ഹെക്ടർ |
| 14 | പാലക്കാട് | പാലക്കാട് | 219 11 | 0.2430 ഹെക്ടർ |
| 15 | പാലക്കാട് | മലമ്പുഴ | 190 1 | 0.1214 ഹെക്ടർ |
| 16 | പാലക്കാട് | കുഴൽമന്ദം | 578, 579 | 0.4047 ഹെക്ടർ |
| 17 | പാലക്കാട് | പട്ടാമ്പി | 280 2 | 0.5342 ഹെക്ടർ |

അനുബന്ധം 3

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | ഇനം | തീയതി |
|---|---|---|
| 1 | പ്രചാരണം | 08.02.2017 - 17.02.2017 |
| 2 | ജില്ലാതല പരിശീലനം | 13.02.2017 |
| 3 | ബ്ലോക്ക് നഗരസഭാ പഞ്ചായത്ത് തലങ്ങളിലുള്ള പരിശീലനം | 15.02.2017. 16.02.2017 |
| 4 | സർവ്വേയുടെ തീയതി | 18.02.2017. 19.02.2017 |
| 5 | ഡാറ്റാ എൻട്രി വെരിഫിക്കേഷൻ | 28.02.2017 |
| 6 | ആദ്യ കരട് ലിസ്റ്റിന്റെ പ്രസിദ്ധീകരണം | 04.03.2017 |
| 7 | ആദ്യ അപ്പീൽ | 13.03.2017 |
| 8 | അപ്പീൽ പരിഹാരം രണ്ടാം കരട് ലിസ്റ്റ് പ്രസിദ്ധീകരണം | 20.03.2017 |
| 9 | രണ്ടാം ഘട്ട അപ്പീൽ | 30.03.2017 |
| 10 | അപ്പീൽ പരിഹാരവും അന്തിമ ലിസ്റ്റിന്റെ പ്രസിദ്ധീകരണം | 10.04.2017 |

# ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03.01.2017 ൽ ലൈഫ് മിഷന്റെ മുന്നോടിയായി കൂടിയ യോഗത്തിന്റെ മിനിട്സ്

ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03.01.2017 ന് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ലൈഫ് മിഷന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബഹു.മന്ത്രിമാർ, ചീഫ് സെക്രട്ടറി, ഗവ:സെക്രട്ടറിമാർ എന്നിവരുടെ യോഗം കൂടുകയുണ്ടായി. യോഗം രാവിലെ 11.00 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

യോഗത്തിൽ പങ്കെടുത്തവരെ ബഹു.മുഖ്യമന്ത്രി സ്വാഗതം ചെയ്തു. തുടർന്ന് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, വിഷയം അവതരിപ്പിച്ചു. അടുത്ത 5 വർഷംകൊണ്ട് ഭവനവും ഭൂമിയും വീടും ഇല്ലാത്ത എല്ലാവർക്കും ജീവിതസുരക്ഷിതത്ത്വും ഉറപ്പുവരുത്തുന്നതു വഴി കേരളത്തിന്റെ സാമൂഹിക/പശ്ചാത്തല മേഖലയിൽ കാര്യമായ മാറ്റം ഉണ്ടാകുമെന്നും ആമുഖമായി ബഹു. മന്ത്രി പറഞ്ഞു. തുടർന്ന് മിഷന്റെ സമീപനവും പ്രവർത്തന രീതിയും ബഹു.മന്ത്രി അവതരിപ്പിച്ചു. ഇതിനെതുടർന്ന് ഓരോ വിഷയത്തിലും വളരെ വിശദമായ ചർച്ച നടന്നു.

## 1) നിർവ്വഹണ നയം

പദ്ധതി നിർവ്വഹണത്തിനായി ഒരു നയം ആവശ്യമാണ് എന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ഭവനരഹിർക്ക്, മാന്യവും സുരക്ഷിതത്വവും ഉള്ള ഭവനത്തോടൊപ്പം ജീവനോപാധി ഉറപ്പാക്കാൻ കഴിയുന്ന ഭവന സംവിധാനമായിരിക്കണം ലൈഫിൽ ഉണ്ടാക്കണ്ടേത് എന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. തുടർന്ന് വിശദ ചർചകൾക്കു ശേഷം താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

### തീരുമാനം

*അടുത്ത 5 വർഷത്തിനുള്ളിൽ, എല്ലാവർക്കും ഭവനം നൽകുന്നതിനായി, യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി, താഴെപറയുന്ന ആനുകൂല്യങ്ങൾ നൽകുക.*

- *സ്ഥലമുള്ള എല്ലാവർക്കും. സാമ്പത്തിക സഹായം നൽകി ഗുണഭോക്താവ് നേരിട്ടോ, ഏജൻസി മുഖേനയോ നിർമ്മാണം നടത്തുക.*

➢ *ഭൂരഹിതർക്ക്, എല്ലാവിധ സാമൂഹിക/പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടും കൂടിയ ഭവന സമുച്ചയം/ക്ലസ്റ്ററുകൾ നിർമ്മിച്ചു നൽകുക.*

## 2) പദ്ധതിയുടെ ഗുണഭോക്താക്കൾ

പദ്ധതിയുടെ ഗുണഭോക്താക്കളായി, ഭവന രഹിതരായ എല്ലാവരേയും കൊണ്ടുവരണമെന്നും, വാസയോഗ്യമായ ഭവനമില്ലാത്തവരെയും പരിഗണിക്കണമെന്നും, ബഹു. മുഖ്യമന്ത്രി അറിയിച്ചു. തുടർന്ന് വിശദമായ ചർച്ചകൾക്കു ശേഷം പദ്ധതിയുടെ ഗുണോക്താക്കളായി താഴെ സൂചിപ്പിക്കുന്ന 4 വിഭാഗം ഗുണഭോക്താക്കളെയും ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചു.

- ഭൂമിയുള്ള ഭവന രഹിതർ
- ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ
- പുറമ്പോക്കിലോ, തീരദേശ മേഖലയിലോ; തോട്ടം മേഖലയിലോ താത്കാലിക ഭവനം ഉള്ളവർ.
- ഭൂരഹിത–ഭവന രഹിതർ

തീരുമാനം

a) മുകളിൽ സൂചിപ്പിച്ച 4 വിഭാഗം കുടുംബങ്ങളെയും ഗുണഭോക്താക്കളാക്കാൻ തീരുമാനിച്ചു.

b) ആദ്യഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകുന്നതിന് പ്രാധാന്യം നൽകുന്നതിനും, ഇതിനോടൊപ്പം തന്നെ ഭൂമികണ്ടെത്തി, ഭൂരഹിതരായവരുടെ പ്രശ്നം സാദ്ധ്യമായ സ്ഥലങ്ങളിൽ കെട്ടിടസമുച്ചയങ്ങൾ തീർത്ത് സമയബന്ധിതമായി തീർക്കാൻ തീരുമാനിച്ചു.

c) ഗുണഭോക്താവിന്റെ യൂണിറ്റ് കുടുംബമായിരിക്കുന്നതാണ്. എന്നാൽ അഗതികളെ ഒരു യൂണിറ്റായി പരിഗണിക്കേണ്ടതാണ്.

## 3) ഗുണോക്താക്കളെ കണ്ടെത്തുന്ന നടപടിക്രമം

... ...ന്നതാണ് മിഷന്റെ പ്രധാന

എടുത്ത് പരിശോധന നടത്തി, വിട്ടുപോയവരെ കൂട്ടിച്ചേർക്കാവുന്നതാണ് എന്നും, അത്തരത്തിൽ ലഭ്യമാകുന്ന പട്ടിക ക്രോഡീകരിച്ച്, പഞ്ചായത്ത് തലത്തിൽ അപ്പീലിനും, തുടർന്ന് ജില്ലാ തലത്തിൽ അപ്പീലിനും സൗകര്യമുണ്ടാക്കുന്നതാണ് ഉചിതം എന്നും ചീഫ് സെക്രട്ടറി പറഞ്ഞു. ആര് മുഖാന്തിരം പരിശോധന നടത്തണമെന്നതിനെ സംബന്ധിച്ച് വിശദമായ ചർച്ച നടന്നു. ഉദ്യോഗസ്ഥ സംവിധാനത്തെ ഉപയോഗിച്ചും കുടുംബശ്രീ സംവിധാനത്തെ ഉപയോഗിച്ചും പരിശോധന നടത്തുന്നതിനെ സംബന്ധിച്ച് വിശദമായ ചർച്ച നടന്നു. തുടർന്ന് താഴെപറയുന്ന തീരുമാനങ്ങളെടുത്തു.

<u>തീരുമാനം</u>

a) 2011–ൽ കേന്ദ്രസർക്കാർ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സർവ്വേ അടിസ്ഥാനമാക്കുക.

b) ഈ സർവ്വേയിൽ ഭവനരഹിതർ എന്നു കണ്ടെത്തിയവരുടെ കാര്യത്തിൽ നേരിട്ടു സർവ്വേ നടത്തി ഗുണഭോക്താക്കളെ നിർണ്ണയിക്കുക.

c) സർവേയ്ക്കുള്ള ചുമതല കുടുംബശ്രീക്ക് ആയിരിക്കുന്നതാണ്. ആയത് കുടുംബശ്രീയുടെ സംഘടന സംവിധാനം ഉപയോഗിച്ച് നടത്തേണ്ടതാണ്

d) ആദിവാസി മേഖലയിൽ കുടുംബശ്രീ സംവിധാനം ശക്തമല്ല എങ്കിൽ പട്ടിക വർഗ്ഗ പ്രമോട്ടർമാരെ ഉപയോഗിക്കുന്നതാണ്.

e) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള എസ്.ഇ.സി.സി വിവരങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭവനരഹിതരുടെ പട്ടിക, നഗരങ്ങളിൽ പി.എം.എ.വൈക്ക് തയ്യാറാക്കിയ പട്ടിക, എന്നിവ പരിശോധനക്കായി കുടുംബശ്രീക്ക് കൈമാറേണ്ടതാണ്. പരിശീലനം സിദ്ധിച്ച കുടുംബശ്രീ പ്രവർത്തകർ ഗുണഭോക്താക്കളെ നേരിൽ കണ്ട് യഥാർത്ഥവിവരങ്ങൾ രേഖപ്പെടുത്തേണ്ടതും അത്തരത്തിൽ തയ്യാറാക്കുന്ന വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് കൈമാറേണ്ടതാണ്.

f) സർവേയുടെ മേൽപരിശോധനയ്ക്കായുള്ള ചുമതല ഫീൽഡ്തല ഉദ്യോഗസ്ഥർക്കായിരിക്കുന്നതാണ് (വി.ഇ.ഒ, ജെ.എച്ച്.ഐ തുടങ്ങിയവർ). ഇവർ, എല്ലാ സർവ്വേ വിവരങ്ങളും ക്രോസ് ചെക്ക് ചെയ്യേണ്ടതും അത്തരത്തിൽ പരിശോധിച്ച് അർഹതയില്ലാത്തവർ പട്ടികയിൽ വന്നിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്

g) ഇത്തരത്തിൽ ലഭ്യമാകുന്ന സർവേ വിവരങ്ങൾ കമ്പ്യൂട്ടർ അധിഷ്ഠിത വിവരശേഖരത്തിലേക്ക് വിന്യസിപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ പൊതുജനങ്ങൾക്ക് പ്രാപ്യമായിരിക്കുന്നതാണ്. ഇതിന്റെ ചുമതല കുടുംബശ്രീക്കും ഗ്രാമ വികസന കമ്മീഷണർക്കും ആയിരിക്കുന്നതാണ്.

h) സർവേ വിവരങ്ങൾ ആക്ഷേപം സ്വീകരിക്കുന്നതിനായി വെബ്സൈറ്റിലും പകർപ്പുകൾ പഞ്ചായത്ത്/വില്ലേജ് ഓഫീസ് തലത്തിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

i) ആക്ഷേപം സ്വീകരിക്കുന്നതിന് പഞ്ചായത്ത്തലത്തിൽ സംവിധാനം ഉണ്ടായിരിക്കണം. ആക്ഷേപം ഫീൽഡ്തല ഉദ്യോഗസ്ഥർ നേരിട്ട് പരിശോധിച്ച് ആവശ്യമെങ്കിൽ നേരിട്ട് കേട്ട് തീർപ്പാക്കേണ്ടതാണ്.

j) വിട്ടുപോയവരെ ഉൾപ്പെടുത്തുന്നതിന് സൗകര്യമുണ്ടായിരിക്കണം.

**പട്ടിക കുറ്റമറ്റതാക്കൽ**

k) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പട്ടിക ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നതിന്റെ ചുമതല ജില്ലാ മിഷന് ആയിരിക്കുന്നതാണ്.

l) ഇത്തരത്തിൽ ആക്ഷേപങ്ങൾ കേട്ടശേഷം തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടിക പഞ്ചായത്ത്/ജില്ലാ തലത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

m) ഇതിൽ ആക്ഷേപം ഉള്ളവർക്ക് ജില്ലാതല സമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്. ആർ.ഡി.ഒ/സബ് കളക്ടർ, അസി.കളക്ടർ എന്നിവർ ഇത് പരിശോധിച്ച് പട്ടിക അന്തിമമാക്കേണ്ടതാണ്. (2nd Appeal)

n) സർവേ നടപടികൾ ഫെബ്രുവരി 15-നു മുമ്പായി പൂർത്തീകരിച്ച് അന്നു തന്നെ ആദ്യ പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണ്. അന്തിമ പട്ടിക മാർച്ച് 31-ന് മുമ്പായി പ്രസിദ്ധീകരിക്കേണ്ടതാണ്.

o) സർവേയുടെയും, ഡാറ്റാ എൻട്രിയുടെയും ചുമതല കുടുംബശ്രീക്കായിരിക്കുന്നതാണ്. ആക്ഷേപം കേൾക്കുന്നതിനും പട്ടിക അന്തിമമാക്കുന്നതിന്റെയും പൂർണ ചുമതല ജില്ലാമിഷനുകൾക്ക് ആയിരിക്കുന്നതാണ്.

p) ഓരോ ഘട്ടത്തിലും പുതുതായി കൂട്ടിച്ചേർക്കുന്നവരുടെയും, ഒഴിവാക്കുന്നവരുടെയും പട്ടിക പ്രത്യേകമായി പ്രസിദ്ധീകരിക്കേണ്ടതാണ്. ഒഴിവാക്കുന്നതിന്റെയും കൂട്ടിച്ചേർക്കുന്നതിന്റെയും കാരണം രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

**4) മുൻഗണനാക്രമം**

എല്ലാവർക്കും ഭവനമെന്ന ലക്ഷ്യത്തോടെയാണ് മിഷൻ പ്രവർത്തിക്കുന്നത് എങ്കിലും ഏറ്റവും അർഹരായ ചിലർക്ക് മുൻഗണന നൽകുന്നത് ഉചിതമായിരിക്കുമെന്ന് ബഹു. മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. 8 ഘടകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കരട് മുൻഗണന ക്രമം തയ്യാറാക്കിയിട്ടുള്ളതായി ചീഫ് സെക്രട്ടറി യോഗത്തെ അറിയിച്ചു. ആയത് താഴെ ചേർക്കുന്നു.

1. മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശരീരിക തളർച്ച സംഭവിച്ചവർ
2. അഗതികൾ
3. അംഗവൈകല്യമുള്ളവർ
4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരകരോഗമുള്ളവർ
6. അവിവാഹിതരായ അമ്മമാർ
7. രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
8. വിധവകൾ

അന്ധത/ശാരീരിക തളർച്ച എന്നിവർക്ക് പ്രാധാന്യം നൽകുന്നത് ഉചിതമാണെങ്കിലും മറ്റു വൈകല്യമുള്ളവർക്ക് കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉണ്ടെങ്കിൽ മാത്രമേ പരിഗണിക്കാവൂ എന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നു. ഇതിനായി വേണ്ട മെഡിക്കൽ പരിശോധന ഗുണഭോക്താക്കളുടെ ഉത്തരവാദിത്വം ആക്കി നിഷ്കകർഷിക്കരുതെന്നും ഇക്കാര്യത്തിൽ പ്രത്യേക പങ്ക് കൂടി കുടുംബശ്രീ ഏറ്റെടുക്കണമെന്നും അഭിപ്രായം ഉയർന്നു.

**തീരുമാനം.**

*മുകളിൽ കൊടുത്തിരിക്കുന്ന മുൻഗണനാക്രമം അംഗീകരിച്ചു. സർവ്വേ ഫോമിൽ ടി വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണമെന്നും, 40% ത്തിന് മുകളിൽ വൈകല്യം ഉള്ളവർക്ക് മാത്രം മുൻഗണന നൽകുന്നതിനും തീരുമാനിച്ചു.*

## 5) പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടവർ

പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നവരിൽ നിന്നും നിർബന്ധമായും ഒഴിവാക്കേണ്ടവരുടെ മാനദണ്ഡങ്ങൾ യോഗം ചർച്ച ചെയ്തു. താഴെപറയുന്നവരെ ഒഴിവാക്കാൻ യോഗത്തിൽ ശുപാർശയുണ്ടായി.

- സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ സ്ഥിര ജോലിയുള്ളവർ
- ഈ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കുന്നവർ (നിശ്ചിത വാർഷിക വരുമാനത്തിൽ കൂടുതൽ ഉള്ളവർ)
- ഗ്രാമ പഞ്ചായത്തുകളിൽ ഒരു ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവരും മുൻസിപ്പാലിറ്റികൾ 50 സെന്റിന് കൂടുതൽ ഭൂമിയുള്ളവരും

കോർപ്പറേഷനുകളിൽ 25 സെന്റിന് കൂടുതൽ ഭൂമിയുള്ളവരും (എസ് റ്റിക്ക് ബാധകമല്ല)

- 4 ചക്രവാഹനമുള്ളവർ എന്നിവരെ ഒഴിവാക്കണമെന്ന് അഭിപ്രായം ഉയർന്നെങ്കിലും ഒഴിവാക്കുന്നവരുടെ പട്ടിക ആദ്യ ഘട്ടത്തിൽ തീരുമാനിക്കേണ്ട വിഷയമല്ല എന്നും, സർവ്വേ നടത്തിയ ശേഷം ടി വിഷയത്തിൽ തീരുമാനമെടുക്കുന്നത് ഉചിതമായിരിക്കുമെന്നും അഭിപ്രായമുണ്ടായി.

**തീരുമാനം.**

***ടി വിഷയത്തിൽ സർവ്വേനടത്തിയതിനുശേഷം തീരുമാനമെടുക്കാൻ മാറ്റിവച്ചു.***

**6) ഭവനത്തിന്റെ വലിപ്പം**

ഭവനരഹിതർക്ക് നൽകുന്ന ഭവനം, മാന്യമായിരിക്കണമെന്ന്, ബഹു.മുഖ്യമന്ത്രി, ആമുഖമായി സൂചിപ്പിച്ചു. ഉപയോഗത്തിനനുസരിച്ച് ഓരോ മുറിക്കും, നിശ്ചിത വലിപ്പം വേണമെന്നും, അത്തരത്തിൽ ഒരു ഭവനത്തിന് 550 ചതുരശ്ര അടി വിസ്തീർണ്ണം ഉചിതമായിരിക്കുമെന്ന് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അറിയിച്ചു. തുടർന്ന് വിശദമായ ചർച്ചയ്ക്ക്ശേഷം, 600 ചതുരശ്ര അടിയിൽ കൂടേണ്ടതില്ലെന്ന് തീരുമാനിച്ചു. വെറും ഒരു മുറി മാത്രം വയ്ക്കുന്ന സ്ഥിതി ഒഴിവാക്കുന്നതിനു വേണ്ടി 350 ചതുരശ്ര അടി കുറഞ്ഞ വിസ്തീർണ്ണമായി നിജപ്പെടുത്താൻ തീരുമാനിച്ചു.

**തീരുമാനം**

- **പദ്ധതിപ്രകാരം നിർമ്മിക്കുന്ന ഭവനത്തിന്റെ വലുപ്പം കുറഞ്ഞത് 350 ചതുരശ്ര അടിയായിരിക്കുന്നതാണ്. സർക്കാർ ഇടപെട്ടു നേരിട്ടു നിർമ്മിക്കുന്ന ഭവനങ്ങളുടെയും ഏറ്റവും കുറഞ്ഞ വലുപ്പം 350 ചതുരശ്ര അടിയായി നിഷ്കർഷിക്കുന്നു**

- ***ഭവനത്തിന്റെ പരമാവധി വലിപ്പം 600 ചതുരശ്ര അടി വിസ്തീർണമായിരിക്കുന്നതാണ്.***

**7) ഭവന നിർമ്മാണത്തിന് നൽകുന്ന ധനസഹായം**

പദ്ധതി പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് ഒരു ഭവനം നിർമിക്കുന്നതിന് എത്ര തുക വരെ പരമാവധി നൽകാൻ കഴിയുമെന്ന് വിശദമായി ചർച്ച ചെയ്തു. നിലവിൽ പല വകുപ്പുകളും വ്യത്യസ്തങ്ങളായ ധനസഹായമാണ്

നൽകിവരുന്നത്. 2 ലക്ഷം രൂപ മുതൽ 6 ലക്ഷം രൂപ വരെ വിവിധ പദ്ധതികളിൽ ധനസഹായം നൽകിവരുന്നുണ്ട്. കമ്മിറ്റിക്ക് മുമ്പാകെ ശുപാർശ ചെയ്തിരിക്കുന്ന തുക താഴെ ചേർക്കുന്നു.

ജനറൽ – 3 ലക്ഷം രൂപ

പട്ടികജാതി – 3.5 ലക്ഷം രൂപ

പട്ടികവർഗം – യഥാർത്ഥത്തിൽ ചെലവാകുന്ന തുക, ജില്ലാമിഷൻ തീരുമാനിച്ച് ടി തുക നൽകേണ്ടതാണ്.

600 ചതുരശ്ര അടി വിസ്തീർണമുള്ള ഭവനം നിർമ്മിക്കാൻ കുറഞ്ഞത് 6 ലക്ഷം രൂപ വരെ ചെലവാകുമെന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നു. ഈ തുക പൂർണ്ണമായും സർക്കാർ നല്കേണ്ടതില്ലെന്നും മിനിമം വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കാൻ ആവശ്യമായ തുകയായ 3 ലക്ഷം രൂപ ജനറൽ വിഭാഗത്തിന് നിജപ്പെടുത്താൻ തീരുമാനിച്ചു. പട്ടികജാതിക്കാർക്ക് ശുപാർശ ചെയ്ത തുക അപര്യാപ്തമാണെന്ന് ബഹു. പട്ടികജാതി ക്ഷേമ & സാംസ്കാരിക മന്ത്രി അഭിപ്രായപ്പെട്ടു. തുടർന്ന് വിശദമായ ചർച്ചയ്ക്കു ശേഷം പട്ടികജാതി വിഭാഗക്കാർക്ക് 4 ലക്ഷം രൂപയായി നിജപ്പെടുത്താൻ തീരുമാനിച്ചു.മത്സ്യബന്ധന മേഖലയിലുള്ളവർക്കും ഇതേ തുക നല്കുന്നതാണ്.

തോട്ടം മേഖലയിൽ പണിയെടുക്കുന്നവർക്ക് വ്യത്യസ്ത സമീപനം ആവശ്യമാണ് എന്ന് അഭിപ്രായം വന്നതിനെ തുടർന്ന് തോട്ടം മേഖലയിലുള്ളവർക്ക് 4 ലക്ഷം രൂപ നൽകാൻ തീരുമാനിച്ചു.

തീരുമാനം

***ജനറൽ വിഭാഗം – 3 ലക്ഷം രൂപ***

***പട്ടികജാതി – 4 ലക്ഷം രൂപ***

***പട്ടികവർഗം – ജില്ലാമിഷൻ തീരുമാനിക്കുന്ന യഥാർത്ഥ തുക.***

***മത്സ്യബന്ധന മേഖലയിലുള്ളവർ – 4 ലക്ഷം രൂപ***

***തോട്ടം മേഖലയിൽ തൊഴിലെടുക്കുന്നവർ – 4 ലക്ഷം രൂപ***

**8) പദ്ധതിക്ക് സ്ഥലം കണ്ടെത്തുക**

ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം അടിയന്തിരമായി കണ്ടെത്തണമെന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. നിലവിൽ വിവിധ പദ്ധതികളുടെ ഭാഗമായി ഇത്തരത്തിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും ആയത് റവന്യൂ വകുപ്പിൽ ലഭ്യമാണ് എന്നും ബഹു.റവന്യൂ മന്ത്രി അറിയിച്ചു. തുടർന്ന് വിശദ ചർച്ചകൾക്ക്

ശേഷം സ്ഥലം കണ്ടെത്തുന്നതിനായി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

തീരുമാനം

- *ലൈഫ് മിഷന്റെ ഭാഗമായി ഭൂരഹിതരായ ഭവനരഹിതർക്ക് സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിന് വേണ്ടി സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു. ഫെബ്രുവരി 28 -ന് മുമ്പായി പട്ടിക സംസ്ഥാന മിഷന് കൈമാറേണ്ടതാണ്.*
- *സ്ഥലത്തിന്റെ അനുയോജ്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ജില്ലാമിഷനെ ചുമതലപ്പെടുത്തി.*
- *സർക്കാർ/സർക്കാർ ഏജൻസി/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ കൈവശമുള്ള ഭൂമി ഈ ആവശ്യത്തിനായി പരിഗണിക്കാവുന്നതാണ്.*

9) വിവിധ ഏജൻസികളുടെ എംപാനൽമെന്റ്

പദ്ധതിയുടെ നടത്തിപ്പിനും പരിശോധനക്കും മാർഗനിർദ്ദേശത്തിനുമായി സാങ്കേതിക ഏജൻസികളുടെ സഹായം ആവശ്യമാണ് എന്ന് ബഹു.മുഖ്യമന്ത്രി യോഗത്തിൽ അഭിപ്രായപ്പെട്ടു. സംസ്ഥാനത്തുള്ള എല്ലാ എഞ്ചിനീയറിംഗ്/പോളിടെക്നിക്കുകളെയും (സിവിൽ ഉള്ളവ) ഇത്തരത്തിൽ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി (TPTA) ചുമതലപ്പെടുത്താവുന്നതാണ് എന്ന് തീരുമാനിച്ചു. കൂടാതെ സംസ്ഥാന മിഷന് സാങ്കേതിക സഹായം നൽകുന്നതിനും TPTA -കളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും മുഖ്യ TPTA കളായി സി.ഇ.റ്റി തിരുവനന്തപുരത്തിനെയും എൻ.ഐ.റ്റി കോഴിക്കോടിനെയും ചുമതലപ്പെടുത്താവുന്നതാണ് എന്നും തീരുമാനിച്ചു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ താഴെതട്ടിൽ പുതിയ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു. അതിനാലാണ് ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയെയും യോഗത്തിലേക്ക് .ക്ഷണിച്ചതെന്നും അദ്ദേഹം പറഞ്ഞു.

സാങ്കേതിക ഏജൻസികൾക്ക് പുറമെ നിർവഹണ ഏജൻസികളും ആവശ്യമാണ് എന്ന് യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. ലൈഫ് സമുച്ചയങ്ങൾ/ക്ലസ്റ്ററുകൾ നിർമ്മിക്കുക, പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുക എന്നിവക്ക് നിർവഹണ

ഏജൻസി ആവശ്യമാണ്. തുടർന്ന് വിവിധ ഏജൻസികളെ നടപടിക്രമം പാലിച്ച് നിർവ്വഹണത്തിനായി ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

**തീരുമാനം**

*a) സംസ്ഥാനത്തെ എല്ലാ പോളിടെക്നിക്കുകളുടെയും/എഞ്ചിനീയറിംഗ് കോളേജുകളുടെയും (നിലവിൽ സിവിൽ ബ്രാഞ്ച് ഉള്ളവ) ജില്ലാതല/ബ്ലോക്ക്തല/നഗരതല റ്റി.പി.റ്റി.എ ആയി ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. ആയതിനുള്ള നടപടി തദ്ദേശ സ്വയം ഭരണ വകുപ്പും/ഉന്നത വിദ്യാഭ്യാസ വകുപ്പും ചേർന്ന് എടുക്കേണ്ടതാണ്.*

*b) മുഖ്യ റ്റി.പി.റ്റി.എ ആയി സി.ഇ.റ്റി തിരുവനന്തപുരം/എൻ.ഐ.റ്റി കോഴിക്കോടിനെയും ചുമതലപ്പെടുത്താൻ തീരമാനിച്ചു.*

*c) ഇവരുടെ ചുമതല/ഇവർക്ക് നൽകേണ്ട ഫീസ് എന്നിവ തദ്ദേശ സ്വയംഭരണ വകുപ്പ് തീരുമാനിക്കുന്നതാണ്.*

## 10) പൂർത്തീകരിക്കാത്ത ഭവനം/വാസയോഗ്യമല്ലാത്ത ഭവനം

സമ്പൂർണ്ണ പാർപ്പിട മിഷൻ എന്ന ദൗത്യം പൂർത്തീകരിക്കണമെങ്കിൽ നിലവിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളെയും വാസയോഗ്യമല്ലാത്ത ഭവനങ്ങളെയും പദ്ധതി കുടക്കീഴിൽ കൊണ്ടുവരണമെന്ന് ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ധാരാളം ഭവനങ്ങൾ പട്ടികജാതി മേഖലയിൽ പൂർത്തീകരിക്കാൻ ഉള്ളതായി ബഹു.പട്ടികജാതി/വർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. ധാരാളം മത്സ്യത്തൊഴിലാളികൾ വാസയോഗ്യമല്ലാത്ത ഭനങ്ങളിൽ താമസിക്കുന്നുവെന്നും, മത്സ്യബന്ധന വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു. ഇത്തരത്തിലുള്ളവരെ കണ്ടെത്തി, ഇവർക്ക് വാസയോഗ്യമായ ഭവനം നൽകാൻ തീരുമാനിച്ചു. ഇതിനായി സാങ്കേതിക പരിശോധന നടത്തേണ്ടതാണ്. പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യകതയും, തുകയും നിശ്ചയിക്കേണ്ടതാണ്. നിർവ്വഹണ ഏജൻസി മുഖാന്തിരം നിർമ്മാണം നടത്തുന്നതായിരിക്കും ഉചിതമെന്ന അഭിപ്രായം ചർച്ചയിൽ ഉയർന്നു വന്നു. വിശദമായ ചർച്ചയ്ക്ക് ശേഷം താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനം**

- പൂർത്തിയാകാത്ത ഭവനമുള്ളവർ, വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർദ്ദിഷ്ഠ

മാതൃകയിലുള്ള ഫോറത്തിൽ എല്ലാ വിവരങ്ങളും നൽകി രജിസ്ട്രർ ചെയ്യേണ്ടതാണ്.

- ഇത്തരത്തിലുള്ള രണ്ട് വിഭാഗം അപേക്ഷകളും പ്രത്യേകമായി പരിഗണിച്ച് പരിശോധന നടത്തേണ്ടതാണ്

- ഇത്തരത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് തേർഡ്പാർട്ടി ടെക്നിക്കൽ ഏജൻസി (റ്റിപിറ്റിഎ) യെ ഏൽപ്പിക്കുന്നതും, റ്റിപിറ്റിഎ സ്ഥലം പരിശോധിച്ച് പൂർത്തീകരിക്കുന്നതിനാവശ്യമായ ചിലവ് കണക്കാക്കേണ്ടതും വാസയോഗ്യമല്ലാത്ത ഭവനങ്ങളെ സംബന്ധിച്ച സാങ്കേതിക പരിശോധന നടത്തി, പുനരുദ്ധാരണം വഴി വാസയോഗ്യമാക്കാൻ കഴിയുന്നതാണോ, എങ്കിൽ എത്ര തുക ചെലവാക്കേണ്ടി വരും, അല്ലാത്തപക്ഷം, പൊളിച്ച് നീക്കം ചെയ്ത് പുതിയ ഭവനത്തിന് അർഹരാണോ എന്നുള്ള റിപ്പോർട്ട് ജില്ലാമിഷന് സമർപ്പിക്കേണ്ടതാണ്.

- പുതിയ ഭവനത്തിന് അർഹതയുള്ള പക്ഷം, ഭവനരഹിതരുടെ പട്ടികയിൽ ഉൾക്കൊള്ളിക്കേണ്ടതും, അല്ലാത്തപക്ഷം, ഭവന പൂർത്തീകരണത്തിനായി/ ഭവനം വാസയോഗ്യമാക്കുന്നതിനായി എക്സിക്യൂഷൻ ഏജൻസിയെ ഏൽപ്പിക്കേണ്ടതുമാണ്.

- റ്റിപിറ്റിഎ യുടെ പരിശോധനവേളയിൽ ആവശ്യമായ ഫോട്ടോ എടുക്കേണ്ടതും അവയുടെ വിവരങ്ങൾ പ്രത്യേകമായി ശേഖരിക്കേണ്ടതും ആയത് വെബ്സൈറ്റിൽ പരസ്യപ്പെടുത്തേണ്ടതുമാണ്.

- അപേക്ഷകൾ, <u>ഫെബ്രുവരി 2017</u> ആദ്യവാരത്തിൽ ക്ഷണിക്കാവുന്നതാണ്.

## 11) പ്രവർത്തന രീതി

എല്ലാ പഞ്ചായത്തുകളെയും ഈ പദ്ധതിയിൽ ഒരേപോലെ പരിഗണിക്കാൻ കഴിയില്ലായെന്നും, വ്യത്യസ്ത സമീപനം, ആവശ്യകത അനുസരിച്ച് ഉണ്ടാകണമെന്നും അഭിപ്രായം ഉയർന്നു. എല്ലാ സ്ഥാപനങ്ങൾക്കും മിഷൻ പ്രവർത്തനം ആദ്യഘട്ടത്തിൽ ഒരുമിച്ച് തന്നെ തുടങ്ങാൻ കഴിയുമെന്നതിനാൽ, അത്തരത്തിലുള്ള ഒരു സമീപനം ആവശ്യമില്ലയെന്ന് ബഹു. മുഖ്യമന്ത്രി

അറിയിച്ചു. എന്നിരുന്നാലും, കുറച്ച് ആവശ്യമുള്ളവർക്കും, വലിയ തരത്തിലുള്ള ആവശ്യമുള്ളവരെയും വ്യത്യസ്തമായി കാണണമെന്നും ബഹു. മുഖ്യമന്ത്രി അറിയിച്ചു. തുടർന്ന് വിശദ ചർച്ചക്ക് ശേഷം താഴെപറയുന്ന തീരുമാനമെടുത്തു.

**തീരുമാനം**

- ഏറ്റവും കുറവ് ഭവന രഹിതരുള്ള 533 ഗ്രാമ പഞ്ചായത്തിനേയും 7 നഗരസഭകളെയും ആദ്യ ഘട്ടത്തിൽ *(87000 ഭവനങ്ങൾ നൽകുമ്പോൾ, ഭവനരഹിതരില്ലാത്ത സ്ഥാപനങ്ങളായി മാറുന്നു) പ്രത്യേക പരിഗണന നൽകി ഭവനരഹിതർ ഇല്ലാത്ത സ്ഥാപനങ്ങൾ ആക്കുക.*
- 50–ന് താഴെ ഭവനരഹിതരുള്ളവർക്ക് നിലവിലുള്ള മാതൃക തുടരാവുന്നതാണ്.
- 500–ൽ കൂടുതൽ ഭവന രഹിതരുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകുക.
- 20–ൽ താഴെ ഭൂരഹിതരുള്ള സ്ഥാപനങ്ങൾക്ക് നിലവിലുള്ള മാതൃക അനുവർത്തിക്കാവുന്നതാണ്.
- പ്ലാന്റേഷൻ മേഖലയിലുള്ളവർക്ക് പ്ലന്റേഷൻ മേഖലയിൽ തന്നെ ഭവനം നിർമ്മിച്ചു നൽകാവുന്നതാണ്.

12) ധനസമാഹരണം

പദ്ധതി ലക്ഷ്യത്തിലെത്തിക്കാൻ ആവശ്യമായ ധനസമാഹരണം നടത്തേണ്ടത് ഏറ്റവും പ്രധാന്യമുള്ള ഒന്നാണ് എന്ന് ബഹു. മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക് പ്രകാരം 4.32 ലക്ഷം പേർ ഭവനരഹിതരായി ഉണ്ട്. ഇതിൽ 1.5 ലക്ഷം പേർ ഭൂരഹിതരാണ്. ഭൂമിയുള്ളവർക്ക്, 3 ലക്ഷം രൂപയും, ഭൂരഹിതർക്ക് 6 ലക്ഷം രൂപയും നൽകിയാൽ 16,700 കോടി രൂപ ആവശ്യമാണ്. ഇതിൽ 8000 കോടി രൂപ അടുത്ത 5 വർഷത്തിൽ, ഭവന നിർമ്മാണത്തിനായി മാറ്റി വയ്ക്കാൻ കഴിയുന്നതാണ്. ബാക്കിയുള്ള 8700 കോടി രൂപ അധികമായി കണ്ടെത്തേണ്ടതാണ്.
തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനം.**

- ധന സമാഹരണത്തിനുള്ള വിവിധ മാർഗ്ഗങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി, ധനകാര്യ

വകുപ്പ് അഡീ. ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തുന്നതിന്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

13) **സാധന സാമഗ്രികൾ/തൊഴിലാളികൾ എന്നിവയുടെ ലഭ്യത/ഗുണ നിലവാരം ഉറപ്പാക്കൽ**

അടുത്ത 5 വർഷത്തിനുള്ളിൽ 5 ലക്ഷം ഭവനം നിർമ്മിക്കാൻ ധാരാളം സാധന സാമഗ്രികളും / നൈപുണ്യമുള്ള തൊഴിലാളികളും ആവശ്യമായിവരുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഇതിന് സംവിധാനം ഒരുക്കേണ്ടതാണ്. സാധന സാമഗ്രികളുടെയും തൊഴിലാളികളുടെയും ഗുണനിലവാരം, ലഭ്യത എന്നിവ ജില്ലാ തലത്തിൽ ഉറപ്പാക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെട്ടു.

കുടുംബശ്രീ വഴി നടപ്പിലാക്കുന്ന വിവിധ് പദ്ധതികൾ വഴി തൊഴിൽ പരിശീലനം നൽകാൻ വ്യവസ്ഥയുണ്ടെന്നും; അതിന്റെ സാധ്യതകൾ പരമാവധി ഈ മേഖലയിൽ ഉപയോഗപ്പെടുത്തി തൊഴിലാളികളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും, ഈ മേഖലയിൽ ധാരാളം സ്ത്രീകളെ പരിശീലിപ്പിക്കുന്നതിനും ഉപയോഗിക്കാൻ കഴിയുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. തുടർന്ന് വിശദമായ ചർച്ചയ്ക്കുശേഷം താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനം.**

1. സാധന സാമഗ്രികൾ/തൊഴിലാളികൾ എന്നിവരുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുവാൻ ജില്ലാമിഷനെ ചുമതലപ്പെടുത്തി.
2. തൊഴിലാളികളുടെ നൈപുണ്യം വർദ്ധിപ്പിക്കാനും പുതിയ തൊഴിലാളികലെ ഈ മേഖലയിലേക്ക് കൊണ്ടുവരാനും നിലവിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഉപയോഗിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. കുടുംബശ്രീ യൂണിറ്റുകളെ ഉപയോഗിച്ച് കെട്ടിട നിർമ്മാണ പരിശീലനം നൽകിയും പരിശീലന ശേഷം ഇവരെ ഗ്രൂപ്പുകളായി രജിസ്റ്റർ ചെയ്ത് ഇവരെ നിർമ്മാണപ്രവർത്തനത്തിന് ഉപയോഗിക്കേണ്ടതുമാണ്.

14) **ലൈഫ് പാർപ്പിട സമുച്ചയങ്ങൾ/ക്ലസ്റ്ററുകൾ**

മിഷന്റെ ഏറ്റവും കാതലായ ഘടകമാണ് ലൈഫ് സമുച്ചയമെന്നും, ആയത് എല്ലാവിധ സൗകര്യങ്ങൾ ഉള്ളതായിരിക്കണമെന്നും ബഹു.മുഖ്യമന്ത്രി അറിയിച്ചു. ആദ്യഘട്ടത്തിൽ 6 എണ്ണമെങ്കിലും തുടങ്ങണമെന്നും ഇതിനായുള്ള ഡിപി.ആർ തയ്യാറാക്കണമെന്നും അഭിപ്രായപ്പെട്ടു.

നിലവിലുള്ള നിർമ്മാണ രീതികൾ മാത്രം ഉപയോഗിച്ച് സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ കഴിയില്ലായെന്നും, ആയതിന് പ്രീ-ഫാബ്/പ്രീമാനുഫേച്ചേഡ് മാതൃകകൾ അനുകരിക്കണമെന്നും യോഗത്തിൽ അഭിപ്രായമുണ്ടായി. പിറവം നഗരസഭയിൽ 30 ദിവസംകൊണ്ട് 600 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മിച്ച അംഗൻവാടിയും, 72 വീടുകൾ 7 മാസം കൊണ്ടും തിരുവനന്തപുരം കരിമഠത്ത് നിർമ്മിച്ച പ്രവർത്തന രീതിയും, പ്രിൻസിപ്പൽ സെക്രട്ടറി വിവരിച്ചു. ഇത്തരത്തിലുള്ള സാമഗ്രികൾ ഉപയോഗിക്കുമ്പോൾ സംസ്ഥാനത്തിനകത്തുനിന്നുള്ള സാധനങ്ങളാണെന്ന് ഉറപ്പുവരുത്തണമെന്നും, ലഭ്യമല്ലെങ്കിൽ, നിർമ്മാണ യൂണിറ്റുകൾ സംസ്ഥാനത്തു തുടങ്ങണമെന്നും ബഹു.മുഖ്യമന്ത്രി പറഞ്ഞു. ഇത്തരത്തിലുള്ള കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുമ്പോൾ വൈദ്യുതി ബന്ധം വേഗത്തിൽ ലഭ്യമാക്കാനുള്ള വ്യവസ്ഥ വേണമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു. തുടർന്ന് വിശദമായ ചർച്ചകൾക്കുശേഷം താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനം**

- ആദ്യഘട്ടത്തിൽ 600 പേർക്ക് താമസിക്കുന്നതിനായി 6 സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുക. ഇതിന്റെ ഡിപിആർ മാർച്ച് 31 ന് മുൻപായി സംസ്ഥാന മിഷൻ തയ്യാറാക്കി അംഗീകരിക്കേണ്ടതാണ്.
- സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം ജില്ലാകളക്ടർമാർ ജനുവരി 31 ന് കണ്ടത്തേണ്ടതാണ്.
- നിലവിലുള്ള നിർമ്മാണ രീതിക്ക് പുറമേ, പുതിയ നിർമ്മാണ രീതികളായ പ്രീ-ഫാബ്/പ്രീ മാനുഫേച്ചറിങ് എന്നിവ പരമാവധി ഉപയോഗിക്കുന്നതിന് തീരുമാനിച്ചു. ആയതിന് കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ ബിൽഡിംഗ് മെറ്റീരിയൽ ആന്റ് ടെക്നോളജി പ്രൊമോഷൻ കൗൺസിലിന്റെ സഹായം തേടാവുന്നതാണ്. കേരളത്തിൽ തന്നെയുള്ള നിർമ്മാണസംവിധാനങ്ങൾ ഇതിനായി വിനിയോഗിക്കേണ്ടതാണ്

- ഭവന സമുച്ചയങ്ങൾ നിർമ്മിക്കുമ്പോൾ, വൈദ്യുതി വേഗത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി, ഊർജ്ജ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

- ലൈഫിലെ ഗുണഭോക്താക്കൾക്ക്, ജീവനോപാധിലഭ്യമാകുന്നതിനുള്ള തൊഴിൽ പരിശീലനം കുടുംബശ്രീ ഉറപ്പാക്കേണ്ടതാണ്.

- നിശ്ചിത വാടക ഈടാക്കി, താമസം അനുവദിക്കാവുന്നതാണ്. തുക ജില്ലാമിഷൻ നിശ്ചയിക്കേണ്ടതാണ്. ഇതിനായി വിശദമായ മാർഗ്ഗരേഖ തയ്യാറാക്കുന്നതാണ്.

## 15) മിഷൻ പ്രവർത്തനം

മിഷന്, മുഴുവൻ സമയ ജീവനക്കാർ ഇല്ല എന്നും, കുടുംബശ്രീ/ സി.ആർ.ഡി-യിലുള്ളവരെ ഉപയോഗിച്ചാണ് പ്രാരംഭ പ്രവർത്തനം നടത്തിവരുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശ സ്വയംഭരണ വകുപ്പ്) യോഗത്തെ അറിയിച്ചു. കൂടാതെ ഒരു സി.ഇ.ഒയെ നിയമിക്കേണ്ടതുണ്ട്. പഞ്ചായത്ത് /നഗരസഭാ തലത്തിൽ, പഞ്ചായത്ത്/നഗരസഭാസമിതി ആയിരിക്കണം മിഷനായി പ്രവർത്തിക്കേണ്ടത് എന്ന് ബഹു.മുഖ്യമന്ത്രി യോഗത്തെ അറിയിച്ചു. മിഷൻ എന്നത് സംസ്ഥാന തലത്തിൽ ഒരു മിഷൻ മാത്രമായിരിക്കുമെന്നും ജില്ലാതലത്തിലും, പഞ്ചായത്ത് തലത്തിലും, നിർവ്വഹണ ഏജൻസികളായി/സബ്-ഗ്രൂപ്പുകളായുമാണ് ജില്ലാതല മിഷനും/പഞ്ചായത്ത് തല മിഷനും പ്രവർത്തിക്കേണ്ടത് എന്നും, ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

തുടർന്ന് വിശദമായ ചർച്ചയ്ക്കുശേഷം, താഴെപറയുന്ന തീരുമാനം എടുത്തു.

1. സംസ്ഥാന മിഷന്റെ പ്രവർത്തനത്തിനായി സി.ആർ.ഡിയിലും, കുടുംബശ്രീയിലും, മറ്റ് വകുപ്പുകളിലെയും സമർത്ഥരായ, ചെറിയ ഒരു സംഘം, മുഴുവൻ സമയ ജീവനക്കാരെ നിയമിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

2. സി.ഇ.ഒയെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

3. പഞ്ചായത്ത്/നഗരസഭാതലത്തിൽ, ബന്ധപ്പെട്ട പഞ്ചായത്ത് /നഗരസഭാതല കമ്മിറ്റികൾ ആയിരിക്കും, മിഷൻ പ്രവർത്തനം നടത്തേണ്ടതാണ്.

4. ജില്ലാ തലത്തിലുള്ള മിഷൻ ഉടനടി രൂപീകരിക്കുന്നതിനായി ആവശ്യമായ നിർദ്ദേശം പ്രിൻസിപ്പൽ സെക്രട്ടറി(തസ്വഭവ) നൽകേണ്ടതാണ്.

മറ്റുള്ളവ

a) റോഡു പുറംപോക്കിലും പുഴയുടെയും ചാനലുകളുടെയും കരകളിൽ താമസിക്കുന്നവരെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ട് വരേണ്ടതും ആ പ്രദേശം അപ്പോൾതന്നെ Green Zone ആക്കി നിലനിർത്തേണ്ടതുമാണ്. ആയതിനുള്ള നടപടി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, റവന്യൂ വകുപ്പും സ്വീകരിക്കേണ്ടതാണ്.

b) ഹൗസിംഗ്/ഹാബിറ്റാറ്റ് സാക്ഷരത സംബന്ധിച്ച്, കൃത്യമായ പരിശീലനം എല്ലാ ഗുണഭോക്താക്കൾക്കും ജില്ലാ സമിതി നൽകേണ്ടതാണ്. ഇതിന് സിആർഡി ആവശ്യമായ സഹായം നൽകേണ്ടതാണ്.

c) വ്യത്യസ്തമായ മാതൃകകൾ/രൂപകല്പന എന്നിവയും ആയതിന് ആവശ്യമാകുന്ന ചിലവും, ലഘുവായ ഭാഷയിൽ തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ് (ചുമതല സിആർഡി)

d) പ്രാരംഭ ചിലവ്- ഗ്രാമ വികസന വകുപ്പ് നിർവഹിക്കേണ്ടതാണ്.

e) ഗുണഭോക്തൃ നിശ്ചയത്തിനായും തുടർന്നുള്ള മേൽനോട്ട പരിശോധന യ്ക്കായും ജിയോടാഗ് സംവിധാനം ഉപയോഗിക്കുന്നതാണ്.

f) പദ്ധതി പ്രകാരം അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് 600 ചതുരശ്ര അടി വിസ്തീർണ്ണത്തിന് താഴെയാകുന്ന പക്ഷം നിലവിലുള്ള മേഖലാ നിയന്ത്ര ണത്തിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

g) വെബ്/സോഫ്റ്റ് വെയർ എന്നിവ ഗ്രാമ വികസന വകുപ്പ് ആവാസ് സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തി തയ്യാറാക്കേണ്ടതാണ്.

h) സിആർഡിയുടെ കൈവശമുള്ള SECC Data യുടെ വിവരങ്ങൾ സംസ്ഥാന മിഷന് കൈമാറേണ്ടതാണ്.

i) വിവിധ വിഷയങ്ങൾ പരിഗണിച്ച്, പ്രാദേശിക ഇളവുകൾ ജില്ലാ മിഷന് അനുവദിക്കാവുന്നതാണ്.

j) നിർമ്മാണ സാമഗ്രികളുടെ ഉത്പാദനത്തിനും സാങ്കേതിക വിദ്യയുടെ പ്രയോഗത്തിനുമായി സ്റ്റാർട്ട് അപ്പുകളെ പ്രോൽസാഹിപ്പിക്കുന്നതാണ്.

യോഗം 1.15 –ന് അവസാനിച്ചു.

## യോഗത്തിൽ പങ്കെടുത്തവർ

1. ബഹു. ഡോ. കെ.റ്റി. ജലീൽ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
2. ബഹു. ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂ & ഭവന വകുപ്പ് മന്ത്രി
3. ബഹു. ശ്രീ. എ.കെ. ബാലൻ, എസ്.സി/എസ്. റ്റി & നിയമ വകുപ്പ് മന്ത്രി
4. ബഹു. ശ്രീമതി. ജെ. മേഴ്സിക്കുട്ടിയമ്മ, ഫിഷറീസ് വകുപ്പ് മന്ത്രി
5. ശ്രീ. എസ്.എം. വിജയാനന്ദ്, ചീഫ് സെക്രട്ടറി.
6. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിൽ & നൈപുണ്യ വികസന വകുപ്പ്
7. ശ്രീ. പോൾ ആന്റണി അഡീഷണൽ ചീഫ് സെക്രട്ടറി. ഊർജ്ജ വകുപ്പ്
8. ശ്രീ. വി.എസ് സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി പ്ലാനിംഗ് & ഇക്കണോമിക് അഫേഴ്സ് ഡിപ്പാർട്ട്മെന്റ്
9. ശ്രീ. ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യ ബന്ധനവും തുറമുഖവും വകുപ്പ്.
10. ശ്രീ. പി.എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
11. ശ്രീ. റ്റി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്
12. ശ്രീ. ബി. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
13. ശ്രീ. വേണു. വി. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി വികസന വകുപ്പ്
14. ശ്രീ. ശിവശങ്കർ, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ബഹു. മുഖ്യമന്ത്രിയുടെ ഓഫീസ്.
15. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
16. ശ്രീ. എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
17. ശ്രീ. പി, ബാലകിരൺ, ഡയറക്ടർ പഞ്ചായത്ത് വകുപ്പ്.
18. ഡോ. കെ. വാസുകി, ഡയറക്ടർ നഗരകാര്യ വകുപ്പ്
19. ഡോ. എസ്. കാർത്തികേയൻ, ഡയറക്ടർ, ഫിഷറീസ് വകുപ്പ്.
20. ശ്രീ. സി.എസ്. രഞ്ജിത്ത്., ബഹു. മുഖ്യമന്ത്രിയുടെ വികസന ഉപദേഷ്ടാവ്.
21. ശ്രീ. കെ.പി, അനിൽ പ്രൈവറ്റ് സെക്രട്ടറി ടു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
22. ശ്രീ. വി.എസ്.ജയനാരായണൻ അഡീഷണൽ പി.എസ്, റവന്യൂ & ഭവന വകുപ്പ് മന്ത്രി
23. ശ്രീ. ജോസെഫൈൻ.ജെ, അസിസ്റ്റന്റ് ഡയറക്ടർ, എസ്.എസ്.ടി വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ.
24. ശ്രീ. എം.പി. അജിത്കുമാർ, ജോയിന്റ് ഡയറക്ടർ പഞ്ചായത്ത്.
25. ശ്രീ. വി.എസ്, സന്തോഷ് കുമാർ, അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ, ഗ്രാമ വികസന വകുപ്പ്.